കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പററ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/2023/2024

കേരള സംസ്ഥാന ഓഡിററ് വകുപ്പ്
ജില്ലാ ഓഡിററ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/12/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടര്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിററ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിററ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പററിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പററി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിററ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിററ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിററ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പററി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിററ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിററ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിററ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടര്

പകർപ്പ്:

1) ഡയറക്ടര്, കേരള സംസ്ഥാന ഓഡിററ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടര്, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകര്പ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/2023/2024 തീയ്യതി: 21/12/2024

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 23-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിന്വലിക്കലുകള് എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി നന്ദന.എസ്.പിള്ളൈ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടര്	26-11-2024	03-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
26-11-2024	03-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസര്
ശ്രീമതി ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്
ശ്രീമതി.ജിഷ പി, സീനിയര് ഗ്രേഡ് ഓഡിറ്റര്
ശ്രീമതി തന്സീല എന്, ഓഡിറ്റര്

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.മേഴ്സി പുളിക്കാട്ട്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.ബിബിന് ജോസഫ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി.രഞ്ജിനി.ടി	അസി. സെക്രട്ടറി	01-04-2023	11-07-2023
ശ്രീമതി. റീന സി.എം.	അസി. സെക്രട്ടറി ഇൻ ചാർജ്ജ്	12-07-2023	06-08-2023
		12-10-2023	16-01-2024
ശ്രീ. നിഷാന്ത് ആർ.	അസി. സെക്രട്ടറി	07-08-2023	11-10-2023
ശ്രീ.ബൈജു തോമസ്	അസി. സെക്രട്ടറി	17-01-2024	31-03-2024
ശ്രീ. അഷ്റഫ് കല്ലടയിൽ	അസി.എഞ്ചിനീയര്	01-04-2023	14-07-2023
ശ്രീ. സുനീഷ് കുമാർ പി.പി.	അസി.എഞ്ചിനീയര് ഇൻ ചാർജ്ജ്	15-07-2023	17-09-2023
ശ്രീമതി.ഹൃദ്യ പി.	അസി.എഞ്ചിനീയര്	18-09-2023	31-03-2024
ശ്രീ.മുഹമ്മദ് ഫാസില്	കൃഷി ഓഫീസര്	01-04-2023	31-03-2024
ശ്രീമതി.റെജി മോള് ജോര്ജ്	ഡയറി ഫാം ഇന്സ്ട്രക്ടര്	01-04-2023	12-12-2023
ശ്രീമതി. സുമില കെ.പി.	ഡയറി ഫാം ഇന്സ്ട്രക്ടര്	13-12-2023	31-03-2024
ഡോ.ലിററി മാത്യു	വെററിനറി സര്ജന്	01-04-2023	31-03-2024
ശ്രീമതി.ചഷ്മ ചന്ദ്രന്	ഐ.സി.ഡി.എസ്.സൂപ്പര്വൈസര്	01-04-2023	31-03-2024
ശ്രീമതി.റഫ്ന.ഇ.കെ	വി.ഇ.ഒ	01-04-2023	31-03-2024
ശ്രീ.മുഹമ്മദ് സാഹിര്	വി.ഇ.ഒ	01-04-2023	31-03-2024
ഡോ.ഫെസിന ഹസ്സന്	മെഡിക്കല് ഓഫീസര്(എഫ്.എച്ച്.സി)	01-04-2023	31-03-2024
ഡോ. പ്രിയ കെ.വി.	മെഡിക്കല് ഓഫീസര്(അലോപ്പതി)	01-04-2023	31-03-2024
ഡോ ലൂസി ടി.കെ	മെഡിക്കല് ഓഫീസര്(ആയുര്വ്വേദം)	01-04-2023	31-03-2024
ഡോ. സീമ	മെഡിക്കല് ഓഫീസര്(ഹോമിയോ)	01-04-2023	31-03-2024
ശ്രീമതി.രഹ്ന മോൾ കെ.എസ്.	ഹെഡ് മിസ്ട്രസ്സ്	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉള്പ്പെടുത്തിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സര്ട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എന്ട്രികള് രേഖപ്പെടുത്തുന്നില്ല	1-1-3
5	Directly Debited By Bank ആയി ചേര്ത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-1-4
6	പ്രതിമാസ റീക്കണ്സിലിയേഷന് പത്രിക തയ്യാറാക്കിയിട്ടില്ല.	1-1-5
7	ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡില് ചെലവ് ബുക്ക് ചെയ്തിട്ടില്ല	1-1-6
8	ACR - വാര്ഷിക ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകള് പൊരുത്തപ്പെടുന്നില്ല	1-1-7
9	സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികള് ക്യാപ്പിറ്റല് കോണ്ട്രിബ്യൂഷന് എന്ന റിസര്വ് ബാധ്യത ശീര്ഷകത്തില് വന്നിട്ടില്ല.	1-1-8
10	സി.എഫ്.സി ചെലവ് തുക വാര്ഷിക കണക്കിലും ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-9
11	ബഡ്ജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	ക്ഷേമ പദ്ധതികൾ	1-6
16	ക്യാഷ് ബാലൻസ് പരിശോധന	1-7
17	ആഭ്യന്തര നിയന്ത്രണം	1-8
18	യഥാര്ത്ഥ ചെലവ് സുലേഖ ചെലവ് പത്രികയില് ഉള്പ്പെട്ടിട്ടില്ല	1-9
19	2023-24 വര്ഷം പഴയ നിരക്കില് അസസ്സ് ചെയ്ത കെട്ടിടങ്ങള് റീ അസ്സസ്സ് ചെയ്ത് നികുതി നിരക്കുകള് പുതുക്കിയില്ല	1-10
20	സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല.	1-11
21	പെയിന് & പാലിയേറ്റീവ് കെയര് പ്രൊജക്ട് - മരുന്നുകള് പൂര്ണ്ണമായും ലഭിച്ചില്ല	1-12
22	ആര്ദ്രം പദ്ധതിയില് നിയമിച്ച ജീവനക്കാരുടെ ശമ്പളത്തില് നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.	1-13
23	സെക്രട്ടറി നിര്വഹണം നടത്തിയ പ്രോജക്ടുകള് - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.	1-14
24	റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണി - അപാകതകള്	1-15
25	കെട്ടിട നമ്പര് ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുകയും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്നു.	1-16
26	ലൈഫ് ഭവന പദ്ധതി - ഭവന നിര്മ്മാണം പൂര്ത്തീകരിച്ചില്ല	1-17
27	സിമന്റിന് പരമാവധി വിലയേക്കാള് ഉയര്ന്ന നിരക്ക് നല്കുന്നു.	1-18
28	എസ്.സി വിദ്യാര്ത്ഥികള്ക്ക് പഠനമുറി - പണി പൂര്ത്തീകരിച്ചില്ല	1-19
29	ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല	1-20
30	മുത്തപ്പന്പുഴ മേലെ മുത്തപ്പന്പുഴ റോഡ് സൈഡ് കെട്ട് - സമഗ്രമായ പദ്ധതി തയ്യാറാക്കിയില്ല	1-21
31	ഐ. ടി. ഐ കെട്ടിടത്തിന്റെ വാടക - ചുമതലയില് പെടാത്ത കാര്യത്തിന് തുക ചെലവഴിക്കുന്നു	1-22
32	തൊഴിലുറപ്പ് പദ്ധതി - സാധനങ്ങള് സമാഹരിക്കുന്നതിലെ അപാകതകള്	1-23
33	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കല് - ഹരിതകര്മ്മ സേന - പ്രവര്ത്തനാവലോകനം	1-24
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	

ഭാഗം 4		
1	വാര്‍ഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്റ്റുകള്‍ക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വര്‍ക്കുകള്‍ക്ക് നല്കിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷന് അഡ്വാന്‍സ്	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോര്‍ട്ട്	4-8
9	ചാര്‍ജ് /സര്‍ചാര്‍ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീര്‍പ്പാക്കാന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോര്‍ട്ടുകള്‍	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉള്പ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) ഇ പ്രകാരം വാര്ഷിക ധനകാര്യ പത്രികയോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങള്, കണ്ടിന്ജന്റ് ബാധ്യതകള്, ധനസഹായ റിപ്പോര്ട്ടുകള്, മറ്റ് വെളിപ്പെടുത്തലുകള് തുടങ്ങിയവ ഉള്പ്പെടുന്ന അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകള് ഉള്പ്പെടുത്തേണ്ടതാണ്. കൂടാതെ മേല് ചട്ടങ്ങളിലെ ചട്ടം 62 (2) എഫ് പ്രകാരം വാര്ഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട് മാന്വലില് നിര്ദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങള് ഉള്പ്പെടുത്തേണ്ടതും, 62(3) പ്രകാരം മുന്വര്ഷത്തെ താരതമ്യ തുകകള് രേഖപ്പെടുത്തേണ്ടതുമാണ്. എന്നാല് ഇവയൊന്നും ഉള്പ്പെടുത്താതെയാണ് വാര്ഷിക ധനകാര്യ പത്രിക തയ്യാറാക്കി സമര്പ്പിച്ചിട്ടുള്ളത്.

1-1 ഓഡിറ്റ് സര്ട്ടിഫിക്കറ്റ്

1. തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024 മാര്ച്ച് 31-ന് അവസാനിച്ച വര്ഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇന്കം & എക്സ്പെന്ഡിച്ചര് അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉള്പ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകള്ക്ക് അനുബന്ധമായി ഉള്പ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.05.2024 തീയതിയിലെ 2 നമ്പര് തീരുമാനം പ്രകാരം അംഗീകരിച്ച് 14.06.2024 തീയതിയില് എയിംസിലൂടെ സമര്പ്പിച്ചിട്ടുണ്ട്. പ്രസ്തുത വാര്ഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തികനിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങള്, 1994 ലെ കേരള ലോക്കല് ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കല് ഫണ്ട് ഓഡിറ്റ് റൂള്സ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വല് അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകള് പ്രകാരവും കേന്ദ്ര/സംസ്ഥാന സര്ക്കാര് മാര്ഗ്ഗ നിര്ദ്ദേശങ്ങള്, ധനകാര്യ കമ്മീഷന്, മറ്റ് ഫണ്ടിങ്ങ് ഏജന്സികള് എന്നിവ കാലാകാലങ്ങളില് പുറപ്പെടുവിക്കുന്ന മാര്ഗ്ഗനിര്ദ്ദേശങ്ങള് എന്നിവ പാലിച്ചും ഞാന് ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാര്ഷിക ധനകാര്യപത്രികകളിന്മേല് ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാര്ഷിക ധനകാര്യപത്രികകള് വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാന് ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാര്ഷിക ധനകാര്യപത്രികകള് വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉള്പ്പെടുന്നു. കൂടാതെ പഞ്ചായത്ത്രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാന് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തില് അതില് വിവരിച്ചിരിക്കുന്ന കാര്യങ്ങള് ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വര്ഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകള് 31.03.2024 ല് അവസാനിച്ച സാമ്പത്തിക വര്ഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കോഴിക്കോട്,
.12.2024 ഡെപ്യൂട്ടി ഡയറക്ടര്

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase/(decrease) In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ 1,24,71,597/- രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 2,20,74,332/- രൂപയും തമ്മില് പൊരുത്തപ്പെടുന്നില്ല.

1-1-3 സമയബന്ധിതമായി ഡിമാന്റ് എന്ട്രികള് രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എന്ട്രികള് രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി ഇനത്തില് വര്ഷാരംഭത്തിലും തുടര്ന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റല്, പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിര്ണ്ണയിക്കുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റില് വ്യത്യാസം വരുത്തുന്നില്ല. 2023-24 സാമ്പത്തിക വര്ഷത്തെ ഡിമാന്റ് എന്ട്രികള് 17.11.23, 31.03.24 എന്നീ തീയതികളില് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-4 Directly Debited By Bank ആയി ചേര്ത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

SBI E-payment 31.3.2024 ബാങ്ക് റീക്കണ്സീലിയേഷന് സ്റ്റേറ്റ്മെന്റില് Directly Debited By Bank ആയി ചേര്ത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല . വിശദാംശം ചുവടെ ചേര്ക്കുന്നു.

തിയ്യതി	തുക
3.12.22	668
5.12.22	454
31.10.22	727
ആകെ	**1,849**

1-1-5 പ്രതിമാസ റീക്കണ്സിലീയേഷന് പത്രിക തയ്യാറാക്കിയിട്ടില്ല.

വാര്ഷിക കണക്കിലെ ബി-17 Nationalised Bank Account Of Own Revenue Fund ല് 407632/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാല് പ്രസ്തുത അക്കൗണ്ടിന്റെ റീകണ്സിലിയേഷന് പത്രിക ഹാജരാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് ഏതാണെന്ന് വ്യക്തമല്ലെന്നും സോഫ്റ്റ്വെയര് അപാകത മൂലമാണ് ഈ അക്കൗണ്ട് തെറ്റായി ഉള്പ്പെട്ടതെന്നുമാണ് അറിയിച്ചിട്ടുള്ളത്. അപാകത പരിഹരിച്ച് തുടര് നടപടികള് അറിയിക്കേണ്ടതാണെന്ന് മുന് ഓഡിറ്റ് റിപ്പോര്ട്ടില് പരാമര്ശിച്ചിരുന്നെങ്കിലും അപാകത നിലനില്ക്കുന്നു.

1-1-6 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡില് ചെലവ് ബുക്ക് ചെയ്തിട്ടില്ല

മെയിന്റനന്സ് ഫണ്ട് ഉപയോഗിച്ച് റവന്യൂ ചെലവുകള്ക്കായി പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും Income & Expenditure Statement I-14 (E) Maintenance Project ഹെഡ്ഡില് ചെലവ് കാണിച്ചിട്ടില്ല.

1-1-7 ACR - വാര്ഷിക ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകള് പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട്(ജനറല്), സി.എഫ്.സി, മെയിന്റനന്സ് ഫണ്ട് (റോഡ്), (നോണ് റോഡ്) എന്നിവയിലെ ചെലവ് തുക എ.സി.ആര്, വാര്ഷിക കണക്ക് എന്നിവയില് വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങള് താഴെ കൊടുക്കുന്നു.

ഫണ്ട്	ACR പ്രകാരമുള്ള തുക	വാര്ഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക
വികസന ഫണ്ട് (ജനറല്)	2,17,64,690	1,98,54,092 (ജി. ഒ പ്രോജക്ട് ഒഴികെ)
സെന്ട്രല് ഫിനാന്സ് കമ്മീഷന് ഫണ്ട്	4706331	4697821

മെയിന്റനന്സ് ഫണ്ട് (റോഡ്)	1,14,59,284	69,64,313
മെയിന്റനന്സ് ഫണ്ട് (നോണ് റോഡ്)	30,23,234	19,75,218

1-1-8 സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികള് ക്യാപ്പിറ്റല് കോണ്ട്രിബ്യൂഷന് എന്ന റിസര്വ് ബാധ്യത ശീര്ഷകത്തില് വന്നിട്ടില്ല.

സി.എഫ്.സി ടൈഡ് ഫണ്ടിലെ ചെലവുകള് പൂര്ണ്ണമായും റവന്യൂ ചെലവുകളായാണ് എടുത്തിട്ടുള്ളത്. ആയതിനാല് B3 ഷെഡ്യൂളില് റിസര്വ് ബാധ്യതാ ശീര്ഷകത്തില് വന്നിട്ടില്ല.

1-1-9 സി.എഫ്.സി ചെലവ് തുക വാര്ഷിക കണക്കിലും ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു

സി.എഫ്.സി ഫണ്ടിനത്തിലെ ചെലവ് വാര്ഷിക കണക്ക് പ്രകാരം 1,05,08,600/- രൂപയും ഐ.കെ.എം ചെലവ് പത്രിക പ്രകാരം 1,05,17,110/-രൂപയും ആണ്. 8,510/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

1-2 ബഡ്ജറ്റ്

തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വര്ഷത്തെ ബഡ്ജറ്റ് 21.03.2023 തീയതിയിലെ 1-ാം നമ്പര് തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 31.01.2024 ലെ 2-ാം നമ്പര് തീരുമാന പ്രകാരവും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

മുന്നിരിപ്പ്	50,59,260
വരവ്	30,33,36,400
ആകെ	30,83,95,660
ചെലവ്	30,19,79,000
നീക്കിയിരിപ്പ്	64,16,660

1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	3,40,84,546/-
വരവ്	6,79,63,618/-
ആകെ	10,20,48,164/-
ചെലവ്	5,54,92,021/-
നീക്കിയിരിപ്പ്	4,65,56,143/-

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ചെലവഴിക്കാത്ത തുക
വികസന ഫണ്ട് (ജനറല്)	0	2,91,62,000	2,91,62,000	2,19,41,007	72,20,993
വികസനഫണ്ട് (എസ്.സി.പി)	0	41,40,000	41,40,000	38,17,412	3,22,588
വികസനഫണ്ട് (ടി.എസ്.പി)	0	6,96,000	6,96,000	4,87,249	2,08,751
മെയിന്റനന്സ് ഗ്രാന്റ് (റോഡ്)	0	3,06,88,350	3,06,88,350	69,64,313	2,37,24,037

മെയിന്റനന്സ് ഗ്രാന്റ് (നോണ് റോഡ്)	0	34,03,400	34,03,400	19,75,218	14,28,182
സെന്ട്രല് ഫിനാന്സ് കമ്മീഷന് ഗ്രാന്റ് (അണ്ടൈഡ്)	12,55,239	5035855 (48,29,000+2,06,855 (Interest))	62,91,094	58,10,827 (58,10,779+48 (ചെക്ക്ബുക്ക് ചാര്ജ്ജ്)	4,80,267
സെന്ട്രല് ഫിനാന്സ് കമ്മീഷന് ഗ്രാന്റ് (ടൈഡ്)	57,48,029	36,21,500	93,69,529	46,97,821	46,71,708

(കുറിപ്പ് - സി.എഫ്.സി ഫണ്ട് ചെലവ് വാര്ഷിക കണക്കുമായി 8,510/- രൂപയുടെ വ്യത്യാസം ഉണ്ട്. ഖണ്ഡിക 1-1-9 കാണുക)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വര്ഷം അംഗീകാരം ലഭിച്ച പ്രോജക്ടുള് നടപ്പാക്കിയതിന്റെ വിവരം താഴെ ചേര്ക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കല്	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം
261	19,38,42,954/-	149	7,56,74,428/-	112	57

1-6 ക്ഷേമ പദ്ധതികൾ

തന്വര്ഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങള് താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കര്ഷകതൊഴിലാളി പെന്ഷന്	63,70,400/-	561
വിധവാ പെന്ഷന്	1,11,12,500/-	1027
വാര്ദ്ധക്യകാല പെന്ഷന്	2,11,51,200/-	2123
വികലാംഗ പെന്ഷന്	33,98,600/-	309
50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകള്ക്കുള്ള പെന്ഷന്	6,25,600/-	57
വിവാഹ ധനസഹായം	1,50,000/-	5

1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കല് ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലന്സ് പരിശോധന 26.11.2024 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തില് നടത്തുകയുണ്ടായി. പരിശോധനയില് 2,698/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവര്ത്തനം വിലയിരുത്തുമ്പോള് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിര്ത്തുന്നതില് ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ

വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതല് മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളില് നിന്ന് ബോധ്യപ്പെടുന്നു.

സഞ്ചയയിൽ നികുതി പരിഷ്കരണ നടപടികള് പൂര്ത്തിയായിട്ടില്ലാതിരുന്നതിനാല് 2023-24 വര്ഷാരംഭത്തില് അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിലാണ് നിലവിലും ഈടാക്കി വരുന്നത്. ഗ്രാമപഞ്ചായത്തില് ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തില് ജീവനക്കാര്ക്ക് ഉത്തരവാദിത്തങ്ങള് വിഭജിച്ചു നല്കിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകള് വിളിച്ചുകൂട്ടി ഓഫീസ് പ്രവര്ത്തനം വിലയിരുത്തുന്ന കാര്യത്തില് സാമ്പത്തിക വര്ഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

പദ്ധതി നിര്വ്വഹണവുമായി ബന്ധപ്പെട്ട് വി.ഇ.ഒ യുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. അപാകതകള് പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്താന് നടപടികള് സ്വീകരിക്കേണ്ടതാണ്.

1-9 യഥാര്ത്ഥ ചെലവ് സുലേഖ ചെലവ് പത്രികയില് ഉള്പ്പെട്ടിട്ടില്ല

Income & Expenditure Statement I-6 ഷെഡ്യൂള് 160100102 പ്രകാരം വികസനഫണ്ട് (എസ്.സി.പി) ചെലവ് തുക 38,17,412/- യാണ്. എന്നാല് ഐ.കെ.എം. ചെലവ് പത്രിക പ്രകാരം വികസനഫണ്ട് (എസ്.സി.പി) ഫണ്ടില് 37,47,412/- രൂപയാണ് ചെലവ്. സുലേഖ ചെലവ് പത്രികയില് എല്ലാ ചെലവും ഉള്പ്പെടാത്തതിന് കാരണം വിശദമാക്കേണ്ടതാണെന്നും സുലേഖ ചെലവ് പത്രികയില് എസ്.സി.പി ഫണ്ട് ഇനത്തിലെ മുഴുവന് ചെലവും ഉള്പ്പെടാത്തതിന് വിശദീകരണം നല്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നമ്പര് 16/23-24 തീയതി 03.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും പരിഹാര മാര്ഗ്ഗങ്ങള് സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-10 2023-24 വര്ഷം പഴയ നിരക്കില് അസസ്സ് ചെയ്ത കെട്ടിടങ്ങള് റീ അസ്സസ്സ് ചെയ്ത് നികുതി നിരക്കുകള് പുതുക്കിയില്ല

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങള്ക്കും ഒരു ചതുരശ്ര മീറ്റര് തറ വിസ്തീര്ണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികള് പുതുക്കി നിശ്ചയിച്ച് സര്ക്കാര് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേല് ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകള് 01/04/2023 പ്രാബല്യത്തില് പുതുക്കി നിശ്ചയിക്കുന്നതിന് നിര്ദ്ദേശിച്ചതിന്റെ അടിസ്ഥാനത്തില് പഞ്ചായത്തിന്റെ ഭരണസമിതി തീരുമാനം (തീരുമാനം 14, തീയതി 27.06.2023) എടുത്തിട്ടുമുണ്ട്. സഞ്ചയയിൽ നികുതി പരിഷ്കരണ നടപടികള് പൂര്ത്തിയായിട്ടില്ലാതിരുന്നതിനാല് 2023-24 വര്ഷാരംഭത്തില് അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിലാണ് ഈടാക്കിയിരുന്നത്.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ 2023-24 വര്ഷത്തില് നമ്പറുകള് അനുവദിച്ച 127 പുതിയ കെട്ടിടങ്ങളില് 33 കെട്ടിടങ്ങള്ക്ക് മാത്രമാണ് പുതുക്കിയ നിരക്ക് പ്രകാരം നികുതി ഈടാക്കിയത്. ശേഷിക്കുന്ന 94 കെട്ടിടങ്ങള്ക്ക് പഴയ നിരക്ക് പ്രകാരമാണ് നികുതി നിര്ണ്ണയിച്ചിട്ടുള്ളത് എന്ന് വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/26.11.2024 ക്ക് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഉദാഹരണങ്ങള് ചുവടെ കൊടുക്കുന്നു.

ക്രമ നം.	വാര്ഡ്	കെട്ടിട നമ്പര്	കെട്ടിടത്തിന്റെ ഉപയോഗ ക്രമം	നിലവിൽ ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നികുതി നിരക്ക്
1	2	15 B To G	റിസോർട്ടുകൾ	90	95
2	3	270 B To I	വാണിജ്യാവശ്യം	60	75
3	7	377 Q To AF	വാണിജ്യാവശ്യം	80	90
4	15	501 A	സ്വകാര്യ ഹോസ്റ്റൽ	40	60
5	7	596 A	പാർപ്പിടാവശ്യം	4	7

മേല് പരാമര്ശിച്ച ഉദാഹരണങ്ങള് പോലെ നിലവില് പഴയ നിരക്ക് പ്രകാരം നികുതി അസ്സസ്സ്

ചെയ്ത കെട്ടിടങ്ങളെ ഉപയോഗക്രമങ്ങള്ക്ക് അനുസരിച്ച് വേര്തിരിച്ച് പുതിയ ഡേററാബേസില് ഉള്പ്പെടുത്താന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2023-24 വര്ഷത്തില് പഴയ നിരക്കില് അസ്സസ്സ് ചെയ്ത 94 കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന കുടിശ്ശിക അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

2023-24 വര്ഷത്തില് പുതുതായി അസ്സസ്സ് ചെയ്ത് പഴയ നിരക്ക് ഈടാക്കിയ 94 കെട്ടിടങ്ങളുടെ ഡിമാന്റ് പുതുക്കുന്നതിന് സഞ്ചയയില് അപ്ഡേഷന് വന്ന് ഒരു വര്ഷം ആയിട്ടും ആയത് ചെയ്യാത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഓഡിററ് പരിശോധനയ്ക്ക് ഹാജരാക്കിയ ലിസ്ററിലുള്ള 94 കെട്ടിടങ്ങളുടെ ഡിമാന്റുകളില് മാററം വരുത്തി അപ്ഡേററ് ചെയ്ത് രേഖകള് സഹിതം ഓഡിററിന് ഹാജരാക്കുന്നതിനോടൊപ്പം പഴയ നിരക്കില് നികുതി നിര്ണ്ണയിച്ച കെട്ടിടങ്ങളുടെ കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-11 സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2023-24 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽനികുതി ഡിമാന്റ് രജിസ്ററർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	അടയ്ക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി
1	Thaj Oil Mil Punakkal	2500/-
2	Thiruvambady Fuel Service	2500/-
3	Malabar Hollow Bricks Thiruvambady	2500/-
4	Malabar Furniture Thiruvambady	2500/-
5	Malanadu Wood Works Thiruvambady	1250/-
6	Anurag Gas Agency Thiruvambady	2500/-
7	Malabar Mist Resort	2500/-
8	Ozon Bio Fabrics Tharimattam	2500/-
9	Madurima Bakery Irumbakam	2500/-
10	J J Bakers Irumbakam	2500/-
11	Soorya Vasthralayam	2500/-

പ്രസ്തുത സ്ഥാപനങ്ങള്ക്ക് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടര്നടപടികള് സംബന്ധിച്ചും വ്യക്തത ആവശ്യപ്പെട്ട് നല്കിയ ഓഡിററ് എന്ക്വയറിക്ക് (നം. 07/02.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വര്ദ്ധിപ്പിക്കുന്നതിന് ലഭ്യമായ എല്ലാ സ്രോതസ്സില് നിന്നും തൊഴില്നികുതി, സ്ഥാപന തൊഴില്നികുതി എന്നിവ ഈടാക്കേണ്ടതാണ്. സമാനമായ വിഷയം നിലനിൽക്കുന്ന പഞ്ചായത്തിലെ മററ് സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും കുടിശ്ശിക ഉള്പ്പെടെ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 പെയിന് & പാലിയേററീവ് കെയര് പ്രൊജക്ട് - മരുന്നുകള് പൂര്ണ്ണമായും ലഭിച്ചില്ല

നിര്വ്വഹണ ഉദ്യോഗസ്ഥന് - മെഡിക്കല് ഓഫീസർ (എഫ്. എച്ച്. സി)

പ്രൊജക്ട് നമ്പര് - 113/24

അടങ്കല് - 13,00,000/- വികസനഫണ്ട് (ജനറല്)

ചെലവ് തുക - 10,11,578/-

പെയിന് & പാലിയേററീവ് പദ്ധതി പ്രകാരം മരുന്നുകള് വാങ്ങുന്നതിനായി 4,84,740/- രൂപ വിവിധ

ബില്ലുകളിലായി കേരള മെഡിക്കല് സര്വീസ് കോര്പ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാല് നാളിതുവരെയായി (ഓഡിററ് തീയതിയായ 02.12.2024 വരെ) 1,59,352/- രൂപയുടെ മരുന്നുകള് മാത്രമാണ് ലഭിച്ചത്. തുക കൈമാറിയതിന്റെയും മരുന്നുകള് ലഭിച്ചതിന്റെയും വിവരം താഴെ കൊടുക്കുന്നു.

ബില് നം./ തീയതി	തുക	മരുന്ന് ലഭിച്ചത്	ലഭിക്കാന് അവശേഷിക്കുന്നത്
13/2.6.23	3,35,152/-	39,218/-	2,95,934/-
238/1.1.24	1,08,414/-	99,532/-	8,882/-
442/23.3.24	41,174/-	20,602/-	20,572/-
ആകെ	4,84,740/-	1,59,352/-	3,25,388/-

ബാക്കി തുകക്കുള്ള മരുന്നുകള് കേരള മെഡിക്കല് സര്വീസ് കോര്പ്പറേഷനില് നിന്നും ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടര്നടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിററ് എന്ക്വയറിക്ക് (നം. 14/2.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകള് പൂര്ണ്ണമായും ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവ് തുക 3,25,388/- രൂപ തടസ്സത്തില് വെക്കുന്നു.

1-13 ആര്ദ്രം പദ്ധതിയില് നിയമിച്ച ജീവനക്കാരുടെ ശമ്പളത്തില് നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

നിര്വ്വഹണ ഉദ്യോഗസ്ഥന് - മെഡിക്കല് ഓഫീസര് (എഫ്. എച്ച്. സി)

പ്രൊജക്ട് നമ്പര് - 138/24

അടങ്കല് - 12,75,000/-, വികസനഫണ്ട് (ജനറല്)

ചെലവ് തുക - 9,42,161/-

മേല് പ്രോജക്ട് പ്രകാരം ആര്ദ്രം പദ്ധതിയില് നിയമിച്ച ഡോക്ടര്, ഫാര്മസിസ്ററ്, സ്ററാഫ് നഴ്സ് എന്നിവര്ക്ക് വേതനം നല്കുന്നതിനായി 9,42,161/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആദായനികുതി നിയമം, വകുപ്പ് 194 J പ്രകാരം കരാറടിസ്ഥാനത്തില് പ്രൊഫഷണല് സര്വീസ് ചെയ്യുന്ന ജീവനക്കാരില് നിന്നും വരുമാനത്തിന്റെ 10% ആദായനികുതി TDS ആയി ഈടാക്കേണ്ടതാണ്. എന്നാല് മേല് പദ്ധതി പ്രകാരം വേതനം അനുവദിച്ച ജീവനക്കാരില് നിന്നും ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിററ് എന്ക്വയറിക്ക് (13/2.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാര് ആദായനികുതി റിട്ടേണ് ഫയല് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും നികുതി പരിധിയില് വരുന്ന ജീവനക്കാര് നികുതി അടച്ചിട്ടില്ലെങ്കില് പിഴ സഹിതം അടച്ച് അറിയിക്കേണ്ടതുമാണ്.

1-14 സെക്രട്ടറി നിര്വഹണം നടത്തിയ പ്രോജക്ടുകള് - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

ഓഡിററ് വര്ഷം സെക്രട്ടറി നിര്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകള് പ്രകാരമുള്ള ചെലവിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ട് നമ്പര്, പ്രോജക്ട്	ചെലവു തുക, ഫണ്ട്, ബില് നമ്പര്	കൈപ്പററിയ സ്ഥാപനം
1	09/24, ഐ. ടി. അടിസ്ഥാന ടെക്നോളജി- ഇന്ക്യുബേഷന് സെന്ററ് - വിഹിതം നല്കല്	50,000 – വികസന ഫണ്ട്, ബില് നമ്പര് - 828 തീയതി 05.01.2024	ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
2	85/24, അനിമല് ബര്ത്ത് കണ്ട്രോള് പ്രോഗ്രാം - ജില്ലാ പഞ്ചായത്തിന് വിഹിതം നല്കല്	1,00,000 – വികസന ഫണ്ട്, ബില് നമ്പര് - 820 തീയതി 05.01.2024	ജില്ലാ പഞ്ചായത്ത്, കോഴിക്കോട്

	ആകെ	1,50,000	

മേല് പട്ടിക പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നമ്പര് 06/2023-24 തീയതി 30.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരില് നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേല്പ്രകാരമുള്ള 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണി - അപാകതകള്

ഓഡിറ്റ് വര്ഷം ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളില് അടിയന്തിര അറ്റകുറ്റപ്പണി നടത്തിയ കരാറുകാര്ക്ക് നല്കുന്നതിനായി താഴെപറയും പ്രകാരം തനതു ഫണ്ടില് നിന്ന് 49,422/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	റോഡിന്റെ പേര്	ചെയ്ത പ്രവൃത്തി	കരാറുകാരന്	നല്കിയ തുക	വൗച്ചര് നമ്പര്/ തീയതി
1	വെറ്ററിനറി ഹോസ്പിറ്റല് - നാല്പത് മേനി റോഡ്	ക്വാറി വേസ്റ്റ് നിരത്തല്	ജോസഫ് കെ. സി	19694/-	22300842/ 29.11.23
2	മേലെ പൊന്നാങ്കയം ആദിവാസി കോളനി റോഡ്	റോഡ് കോണ്ക്രീറ്റ് പാച്ച് വര്ക്ക്	കെ. എം. ഗോപാലകൃഷ്ണന്	9,919/-	22300599/26.9.23
3	-ടി-	റോഡ് സൈഡ് കെട്ട്	കെ. എം. ഗോപാലകൃഷ്ണന്	9,929/-	22300600/26.9.23
4	-ടി-	റോഡ് സൈഡ് കെട്ട്	കെ. എം. ഗോപാലകൃഷ്ണന്	9,880/-	22300601/ 26.9.23
			ആകെ	49,422/-	

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ 23.07.2009 ലെ ഐറ്റം 23 പ്രകാരമുള്ള തീരുമാനം, 08.08.2009 ലെ 39957/ഡി.ബി/09/ത.സ്വ.ഭ.വ/09 നമ്പര് സര്ക്കാര് കത്തിലെ നിര്ദ്ദേശം എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങള്ക്ക് അടിയന്തിര ഘട്ടത്തില് 10,000/- രൂപ വരെയുള്ള പെറ്റി റിപ്പയര് വര്ക്കുകള് തനതുഫണ്ട് ഉപയോഗിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ മുന്കൂര് അനുമതിയില്ലാതെ ഏറ്റെടുക്കാവുന്നതാണ്. എന്നാല് മേല് പട്ടികയില് പരാമര്ശിച്ചിരിക്കുന്ന 2 റോഡുകളിലും റിപ്പയര് പ്രവൃത്തികള്ക്ക് 10,000/- രൂപയില് കൂടുതല് ചെലവ് വന്നിട്ടുണ്ട്. ആദ്യത്തെ പ്രവൃത്തിയില് ഹോമിയോ ആശുപത്രിക്ക് സമീപം ക്വാറി വേസ്റ്റിട്ടതിന് 9,789/- രൂപയും കൃഷിഭവന് സമീപം ചെയ്ത പ്രവൃത്തിക്ക് 9,905/- രൂപയും ചെലവായതായി അസിസ്റ്റന്റ് എഞ്ചിനീയര് നല്കിയ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയത്. ക്രമ നം. 2 മുതല് 4 വരെയുള്ള പ്രവൃത്തികളില് ഒരേ റോഡില് തന്നെ 10,000/- രൂപയില് കുറവ് വരുന്ന രീതിയില് 3 എസ്റ്റിമേറ്റുകള് തയ്യാറാക്കി പ്രവൃത്തി നിര്വഹിക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തില് 29,728/- രൂപ ചെക്ക് നം. 491183/26.9.23 പ്രകാരം കരാറുകാരന് അനുവദിക്കുകയും ചെയ്തു. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പ്രൊജക്ട് രൂപീകരിച്ച് നിര്വഹിക്കേണ്ട മേല് പ്രവൃത്തികള് 10,000/ രൂപയില് കുറഞ്ഞ എസ്റ്റിമേറ്റുകളായി വിഭജിച്ച് പെറ്റി വര്ക്കുകളായി ചെയ്തതിന് വിശദീകരണം നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നം.12/2.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേല് പറഞ്ഞ പ്രകാരം തനത്ഫണ്ട് സര്ക്കാര് ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ചതിന് തൃപ്തികരമായ വിശദീകരണം നല്കേണ്ടതാണ്. ചെലവ് തുക 49,422/- രൂപ തടസ്സത്തില് വെക്കുന്നു.

1-16 കെട്ടിട നമ്പര് ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുകയും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്നു.

2023-24 വര്ഷത്തെ ഓഡിററിന്റെ ഭാഗമായി 02.12.2024 ന് രാവിലെ 11.00 മണിക്ക് LSGD അസിസ്ററന്റ് എഞ്ചിനീയർ, ഓവർസിയർ, വസ്തുനികുതി സെക്ഷൻ ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയില് കണ്ടെത്തിയ അപാകതകള് താഴെ കൊടുക്കുന്നു.

ക്രമ നം	പരിശോധന നടത്തിയ സ്ഥലം	പരിശോധനയില് കണ്ടെത്തിയത്
1	14/513 D മുതൽ Q വരെ ലീന, ഓണാട്ട് Commercial Building	1. കംപ്ലീഷന് പ്ലാന് പ്രകാരം ഈ വാണിജ്യ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1669.96 ച. മീ. ആണ്. എന്നാൽ സ്ഥലപരിശോധനയിൽ കെട്ടിട ത്തിന്റെ മുൻവശത്തായി 168 ച. മീ. വിസ്തീർണ്ണ ത്തിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഒരു കെട്ടിടം അനധികൃതമായി നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. 2. സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം രേഖപ്പെടുത്തിയത് പാർപ്പിടാവശ്യം എന്നാണ്. എന്നാൽ സ്ഥലപരിശോധനയിൽ കെട്ടിടത്തിൽ ഒരു സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കുന്ന തായി ബോധ്യപ്പെട്ടിട്ടുണ്ട്. 3. ടി സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ക്കായുള്ള സ്യകാര്യ ഹോസ്ററൽ ആയാണ് കെട്ടിട ത്തിലെ 12 മുറികൾ ഉപയോഗിക്കുന്നത്. 4. കെട്ടിടത്തിന്റെ ഇടത് വശത്തായി 36.37 ച. മീ. വിസ്തീർണ്ണത്തിൽ ഒരു കിച്ചൺ അനധികൃതമായി പണിതിട്ടുണ്ട്. 5. കെട്ടിടത്തിന്റെ മുൻവശത്തായി 121.44 ച. മീ. വിസ്തീർണ്ണത്തിൽ ഷീററ് ഉപയോഗിച്ച് ഒരു വരാന്ത അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. ഈ വരാന്ത മേൽ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ ഭക്ഷണം കഴിക്കുന്നതിനായി ഉപയോഗിക്കുന്നതാണ് എന്ന് സ്ഥാപന മേധാവിയിൽ നിന്നും അറിഞ്ഞു.
2	3/ 270 A മുതൽ I വരെ, A1 ഫാദർ വികാർ Commercial Building	1. കംപ്ലീഷന് പ്ലാന് പ്രകാരം കെട്ടിടത്തിൽ 10 മുറി കൾ ആണ് കാണിച്ചിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ കെട്ടിടത്തിൽ 11 കടമുറികൾ ഉണ്ടെന്ന് ബോധ്യപ്പെട്ടു. (ഒരു മുറി രണ്ടായി ഭാഗിച്ച താണ്). 2. ഇങ്ങനെ ഭാഗിച്ച കടമുറിയിൽ

		നിലവിൽ ലൈസൻസ് ഇല്ലാതെ ലൈററ്സ് & സൗണ്ട്സിന്റെ ഒരു സ്ഥാപനം പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു.
3	2/15 B മുതൽ G വരെ എൽദോസ് ബേസിൽ Resorts	1. കംപ്ലീഷന് പ്ലാനിൽ നിന്ന് വ്യത്യസ്തമായി റിസോർട്ടുകളോട് ചേർന്ന് ഷീററ് ഉപയോഗിച്ച് രണ്ട് അനധികൃത നിർമ്മാണങ്ങൾ (24.61 ച. മീ., 53.12 ച. മീ.) നടത്തിയത് ബോധ്യപ്പെട്ടു.
4	9/572 K മുതൽ O വരെ അബ്ദുറഹിമാൻ Residential Building	1. സഞ്ചയയിൽ പാർപ്പിടാവശ്യം എന്ന് കാണിച്ച് കുറഞ്ഞ നികുതി നിരക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കെട്ടിടങ്ങൾ ഉടമസ്ഥൻ സ്വന്തം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതല്ല എന്ന് ബോധ്യപ്പെട്ടു.
5	3/237 J മുതൽ W വരെ ഡൊമിനിക് Commercial Cum Residential Building	1. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലെ 2 നിലയിലുള്ള മുറികൾ പാർപ്പിടാവശ്യം എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾ ഉടമസ്ഥൻ സ്വന്തം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതല്ല എന്ന് ബോധ്യപ്പെട്ടു. സഞ്ചയയിൽ പാർപ്പിടാവശ്യം എന്ന് കാണിച്ച് കുറഞ്ഞ നികുതി നിരക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്.
6	2/377 R മുതൽ AF വരെ ജൂണോ റോയ് Commercial Building	1. കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഷീററ് ഉപയോഗിച്ച് 79.87 ച. മീ. അനധികൃത നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു.

മേൽ പരാമർശിച്ച കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള തുടര്നടപടികളുടെ വിവരം ലഭ്യമാക്കാനും പഞ്ചായത്തിന്റെ കീഴിലുള്ള മററ് കെട്ടിടങ്ങളിലും അനധികൃത നിർമ്മാണങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാനും ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം. 19/03.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ട് നിലകള് വരെയുള്ള പാര്പ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീററര് വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയില് ഉള്പ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെന്സി സര്ട്ടിഫിക്കററ് നല്കി രണ്ട് വര്ഷത്തിനുള്ളില് നിര്ബന്ധമായും പോസ്ററ് ഒക്യുപെന്സി ഓഡിററ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിര്മ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ല് വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വര്ഷത്തിന് ശേഷം എപ്പോള് വേണമെങ്കിലും പോസ്ററ് ഒക്യുപെന്സി ഓഡിററ് നടത്താമെന്ന് മേല് ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പന്സിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തില് ചട്ടവിരുദ്ധമായ മാററം വരുത്തി ഉപയോഗിക്കുന്നത് നിയന്ത്രിക്കാനാകാത്തത് പോസ്ററ് ഒക്യുപ്പന്സി ഓഡിററ് കൃത്യമായ ഇടവേളകളില് നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. നമ്പര് അനുവദിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തിയതിന് മേല് കെട്ടിട ഉടമകള്ക്കെതിരെ തുടര് നടപടികള് സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഖണ്ഡികയില് നിര്ദ്ദേശിച്ച പ്രകാരം പോസ്ററ് ഒക്യുപ്പന്സി ഓഡിററ് എല്ലാ വാര്ഡുകളിലും കൃത്യമായ ഇടവേളകളില് നടത്തി അനധികൃത നിര്മ്മാണങ്ങള്

കണ്ടെത്തി നിയമ പ്രകാരമുള്ള തുടര് നടപടികള് സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 ലൈഫ് ഭവന പദ്ധതി - ഭവന നിര്മ്മാണം പൂര്ത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷന് ഓഫീസര് നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ച താഴെ പറയുന്ന ഗുണഭോക്താക്കള് ഭവന നിര്മ്മാണം പൂര്ത്തീകരിച്ചിട്ടില്ല.

ക്രമ നം.	പദ്ധതിയുടെ നം./ പേര്	ഗുണഭോക്താവിന്റെ പേര്	എഗ്രിമെന്റ് വെച്ച സാമ്പത്തിക വര്ഷം	നാളിതുവരെ കൈപ്പറ്റിയ തുക	അവസാനം കൈപ്പറ്റിയ തുക/ തീയതി	പൂര്ത്തീകരിച്ച സ്റ്റേജ്
1	ലൈഫ് ഭവന പദ്ധതി (എസ്.സി)	ഓമന (W/o ഭാസ്കരന്)	2022-23	40,000/-	25.11.22	നിര്മ്മാണം ആരംഭിച്ചിട്ടില്ല
2	ലൈഫ് ഭവന പദ്ധതി (എസ്.സി)	പുഷ്പരാജന്	2023-24	40,000/-	21.12.23	ബേസ്മെന്റ് പൂര്ത്തീകരിച്ചില്ല

ഭവന നിര്മ്മാണം പൂര്ത്തീകരിക്കാത്തതിന് കാരണവും ഭവനനിര്മ്മാണം പൂര്ത്തീകരിക്കുന്നതിന് തുടര്നടപടി സ്വീകരിച്ചിട്ടുണ്ടെങ്കില് പ്രസ്തുത വിവരവും ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നം.4/23-24 തീയതി 28.11.24) നിര്വ്വഹണോദ്യോഗസ്ഥന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പര് 1 ലെ ഗുണഭോക്താവ് ഓമന W/o ഭാസ്കരന് എന്നവര് നാഡീസംബന്ധമായ രോഗിയും അതിദരിദ്ര കുടുംബവുമാണ്. മറ്റ് വരുമാനമാര്ഗ്ഗമില്ലാത്തതിനാല് 25.11.22 ന് അനുവദിച്ച ലൈഫ് ധനസഹായ തുക ചികിത്സയ്ക്കായി എടുത്തുപോയെന്നും തിരിച്ചടയ്ക്കാന് നിര്വ്വാഹമില്ലെന്നും ബോധിപ്പിച്ചിട്ടുണ്ടെന്നും 11.8.2024 ന് വി.ഇ.ഒ ഓഫീസില് നിന്നും നോട്ടീസ് അയച്ചിട്ടുണ്ടെന്നും റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്. തറ നിര്മ്മാണം പൂര്ത്തീകരിക്കുന്നപക്ഷം എസ്.സി അഡീഷണല് ലിസ്റ്റില്പ്പെടുത്തി ഈ കുടുംബത്തിന് തുടര്ന്നുള്ള ഗഡുക്കള് അനുവദിക്കാമെന്നും മറുപടി നല്കിയിട്ടുണ്ട്.

ക്രമ നമ്പര് 2 ലെ ഗുണഭോക്താവ് ശ്രീ. പുഷ്പരാജന് എന്നവരുടെ ഭാര്യയുടെ മരണശേഷം പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം 21.12.23 ന് 40,000/- രൂപ തറനിര്മ്മിതിക്കായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പ്രവൃത്തി നടത്തി ബെല്റ്റ് വാര്ത്തിട്ടില്ല. 11.8.24 ന് ഗുണഭോക്താവിന് നോട്ടീസ് അയച്ചതിന്മേല് ഉടന് പൂര്ത്തീകരിക്കാമെന്ന് മറുപടി നല്കിയെങ്കിലും വീട് പണി പൂര്ത്തീകരിച്ചിട്ടില്ല എന്നും മറുപടി നല്കിയിട്ടുണ്ട്.

വര്ക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഗുണഭോക്താക്കള് സമയബന്ധിതമായി ഭവന നിര്മ്മാണ പ്രവൃത്തികള് പൂര്ത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകള് നടത്തേണ്ടതാണ്. മേല് ഗുണഭോക്താക്കളുടെ ഭവനനിര്മ്മാണം സമയബന്ധിതമായി പൂര്ത്തീകരിക്കാന് നടപടികള് സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18 സിമന്റിന് പരമാവധി വിലയേക്കാള് ഉയര്ന്ന നിരക്ക് നല്കുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകള് സമാഹരിക്കുന്നതിനായി ടെണ്ടര് നടപടി സ്വീകരിക്കുകയും മെറ്റീരിയലുകള് വാങ്ങി പ്രവൃത്തി നിര്വ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷന് ഡയറക്ടറുടെ 17.8.2022 ലെ NREGA/24/2022-A3 നമ്പര് കത്ത്, 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം SECURE സോഫ്റ്റ് വെയറിലെ സിമന്റിന്റെ നിരക്ക് അതേപടി വെണ്ടര്മാര്ക്ക് നല്കുന്നത് വിലക്കികൊണ്ട് നിര്ദ്ദേശം നല്കിയിരുന്നു. സിമന്റ് ഒരു പാക്ക്ഡ് കമ്മോഡിറ്റി ആയതിനാല് മാര്ക്കറ്റ് വിലയേ നല്കേണ്ടതുള്ളൂവെന്നും, ടെണ്ടര് എടുക്കുന്ന കരാറുകാരന് വിതരണം ചെയ്യുമ്പോള് നല്കുന്ന GST ബില്ലില് വിതരണം ചെയ്യുന്ന സിമന്റ് ബ്രാന്ഡിന്റെ പേര് (വ്യത്യസ്ത ബ്രാന്ഡുകള്ക്ക് വ്യത്യസ്ത വിലയായതിനാല്), യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തേണ്ടതാണ് എന്നും നിഷ്കര്ഷിച്ചിട്ടുണ്ട്. എന്നാല് പഞ്ചായത്തില് ഓഡിറ്റ് കാലയളവില് തുക നല്കിയ വിവിധ പ്രവൃത്തികളുടെ ഫയല് പരിശോധിച്ചതില് വെണ്ടര്മാര് സമര്പ്പിച്ച ജി.എസ്.ടി ബില്ലുകളിലൊന്നും സിമന്റ് ബ്രാന്ഡിന്റെ പേര് രേഖപ്പെടുത്തുന്നില്ല. കൂടാതെ ജി.എസ്.ടി. ബില്ലില് രേഖപ്പെടുത്തുന്നത് ടെണ്ടറില് അവര് രേഖപ്പെടുത്തിയ നിരക്കാണ്.

ഓഡിററിന് വിധേയമാക്കിയ വിവിധ പ്രവൃത്തികളില് ഒരു ടണ് സിമന്റിന്റെ വില 11228.16 രൂപയാണ് എസ്റ്റിമേററില് ഉള്പ്പെടുത്തിയത്. ഇതു പ്രകാരം ഒരു ചാക്ക് സിമന്റിന് 561.408 രൂപയാണ് വില വരുക. 1, 4, 8, 10 എന്നീ വാര്ഡുകളിലെ പ്രവൃത്തികളില് കരാറുകാരന് 561.408 രൂപ നിരക്കിലും 5, 6, 7, 11, 13, 14, 15, 16, 17 എന്നീ വാര്ഡുകളില് 484.50 രൂപ നിരക്കിലുമാണ് സിമന്റിന്റെ വില അനുവദിച്ചിട്ടുള്ളത്. എന്നാല് മാര്ക്കററില് ഒരു ചാക്ക് സിമന്റിന് ഈ വിലയില്ലായെന്നിരിക്കെ വിതരണം ചെയ്ത സിമന്റ് ഏതു ബ്രാന്ഡാണെന്ന് ഉറപ്പാക്കാതെയും, യഥാര്ത്ഥ വില അന്വേഷിക്കാതെയും വെണ്ടര്മാര്ക്ക് തുക അനുവദിക്കുന്നത് എന്തടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല. വ്യക്തിഗത ഗുണഭോക്താക്കള്ക്കായി തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ സോക്ക്പിററ് നിര്മ്മാണം എന്ന പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിനായി ഗുണഭോക്താക്കള് ഹാജരാക്കിയ ബില്ലുകള് പ്രകാരം സിമന്റിന് ബാഗിന് ജി.എസ്.ടി ഉള്പ്പെടെ 316 രൂപ നിരക്കിലാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത തുകയാണ് ഗുണഭോക്താക്കള്ക്ക് അനുവദിച്ചിട്ടുള്ളതും. മേല് സാഹചര്യത്തിലാണ് ഒരു ബാഗിന് 561 രൂപ നിരക്കില് വരെ കരാറുകാര്ക്ക് അനുവദിച്ചിട്ടുള്ളത്. മിഷന് ഡയറക്ടറുടെ നിര്ദ്ദേശം പാലിക്കാതെ സിമന്റിന് വെണ്ടര്മാര് ആവശ്യപ്പെടുന്ന നിരക്കില് തുക നല്കുന്നത് വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിററ് എന്ക്വയറിക്ക് (നം. 11/2.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നല്കേണ്ടതും കരാറുകാര്ക്ക് അമിതലാഭം ഉണ്ടാക്കുന്ന ഇത്തരം അപാകതകള് സര്ക്കാരിന്റെ ശ്രദ്ധയില്പ്പെടുത്തി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-19 എസ്.സി വിദ്യാര്ത്ഥികള്ക്ക് പഠനമുറി - പണി പൂര്ത്തീകരിച്ചില്ല

ഓഡിററ് വര്ഷം അസിസ്ററന്റ് സെക്രട്ടറി നിര്വ്വഹണോദ്യോഗസ്ഥനായി പട്ടികജാതി വിദ്യാര്ത്ഥികള്ക്ക് പഠനമുറി നിര്മ്മിക്കുന്നതിനായി താഴെ പറയും പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാര്ത്ഥികള്ക്ക് പഠനമുറി
പ്രോജക്ട് നം.	75/24
അടങ്കല്	4,00,000/- വികസന ഫണ്ട് - എസ്. സി. പി
ചെലവ്	1,80,000/-(ആകെ) ബില് നമ്പര് - 493 തീയതി 28.12.2023 – 60,000/- രൂപ ബില് നമ്പര് - 394 തീയതി 03.02.2024 – 60,000/- രൂപ ബില് നമ്പര് - 397 തീയതി 21.02.2024 – 60,000/- രൂപ

ഇതേ പ്രോജക്ടിന്റെ പൂര്ത്തീകരണത്തിനായി 2024-25 വര്ഷം അസിസ്ററന്റ് സെക്രട്ടറി നിര്വ്വഹണോദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരമുള്ള സ്പില് ഓവര് പ്രോജക്ടും നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാര്ത്ഥികള്ക്ക് പഠനമുറി
പ്രോജക്ട് നം.	340/25
അടങ്കല്	2,20,000/- വികസന ഫണ്ട് - എസ്. സി. പി
ചെലവ്	1,60,000/-(ആകെ) ബില് നമ്പര് - 440 തീയതി 30.09.2024– 80,000/- രൂപ ബില് നമ്പര് - 1002 തീയതി 10.10.2024 – 80,000/- രൂപ

2023-24, 2024-25 വര്ഷങ്ങളിലായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട രണ്ട് പേര്ക്ക് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ക്രമ	ഗുണഭോക്താവിന്റെ	പൂര്ത്തീകരിച്ച	ആകെ

നം.	പേര്	സ്റ്റേജ്	അനുവദിച്ച തുക
1	അഞ്ജന കൃഷ്ണന്	മേല്ക്കൂര പൂര്ത്തീകരിച്ചു	1,70,000/-
2	ശിവാനന്ദന് കെ. ആര്	മേല്ക്കൂര പൂര്ത്തീകരിച്ചു	1,70,000/-
	ആകെ		**3,40,000/-**

മേല് ഗുണഭോക്താക്കള് നാളിതുവരെയായി പഠനമുറിയുടെ പണി പൂര്ത്തീകരിച്ചിട്ടില്ല. വയറിംഗ് ഉള്പ്പെടെയുള്ള പഠനമുറിയുടെ പണികള് പൂര്ത്തീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷന് ലഭ്യമാക്കുന്നതിന് നടപടികള് സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നമ്പര് 5/2023-24 തീയതി 30.11.2024) 03.12.2024 ന് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയില് പഠനമുറിയുടെ പണി പൂര്ത്തീകരണത്തിനായി 2024-25 വര്ഷത്തെ സ്പില് ഓവര് പ്രോജക്ട് പ്രകാരം ഗുണഭോക്താക്കള്ക്ക് മൂന്നാം ഗഡുവായി 80,000/- രൂപ വീതം അനുവദിച്ചു എന്നും (നാളിതുവരെ ഒരു ഗുണഭോക്താവിന് 1,70,000/- രൂപ വീതം അനുവദിച്ചു) മേല് ഗുണഭോക്താക്കള് 2024 ഡിസംബര് 20 നകം പഠനമുറിയുടെ പണി പൂര്ത്തീകരിക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേല് പ്രകാരം പഠനമുറിയുടെ പണികള് പൂര്ത്തീകരിച്ച് രേഖകള് സഹിതം വിവരം റിപ്പോര്ട്ട് ചെയ്യേണ്ടതാണ്.

1-20 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സ.ഉ.(കൈ) നം. 84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാര്ഷിക പദ്ധതികള് തയ്യാറാക്കുന്നതിനുള്ള മാര്ഗ്ഗരേഖയിലെ ഖണ്ഡിക 6.8, 2012 ലെ PWD റിവൈസ്ഡ് മാന്വല് സെക്ഷന് 2602.1, 2019 ലെ CPWD മെയിന്റനന്സ് മാന്വല് എന്നിവയില് നിഷ്കര്ഷിക്കുന്ന തരത്തില് റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. മെയിന്റനന്സ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സര്ക്കുലറുകളിലെയും നിബന്ധനകള് പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാന് അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികള് സ്വീകരിച്ചതായോ കാണാന് കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിര്മ്മാണം (സൃഷ്ടിക്കല്), പരിപാലനം, കൈയൊഴിയല് എന്നിവയുമായി ബന്ധപ്പെട്ട് പ്രവര്ത്തിച്ചതെന്ന് കാണുന്നു. മെയിന്റനന്സ് പ്രവൃത്തി നടത്തേണ്ട റോഡുകളില് പെറ്റി വര്ക്കുകള് നടത്തി താത്കാലികമായി പരിഹാരം കാണുന്ന അവസ്ഥയാണുള്ളത്. ഉദാഹരണത്തിന് മേലെ പൊന്നാങ്കയം ആദിവാസി കോളനി റോഡ്, വെറ്ററിനറി ഹോസ്പിറ്റല് - നാല്പത് മേനി റോഡ് എന്നീ റോഡുകളിലെ അറ്റകുറ്റപ്പണികള് ഓഡിറ്റ് വര്ഷം പെറ്റി വര്ക്ക് ആയി നടത്തിയിട്ടുണ്ട്. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുന്ഗണനാക്രമത്തിലുള്ള ഒരു പ്ലാന് ആസ്തിയുടെ പരിപാലന ചുമതലയുള്ള ഓഫീസറായ എഞ്ചിനീയര് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. അപാകതയ്ക്ക് മറുപടി നല്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നം. 18/03.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നല്കേണ്ടതും ആസ്തി പദ്ധതി തയ്യാറാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-21 മുത്തപ്പന്പുഴ മേലെ മുത്തപ്പന്പുഴ റോഡ് സൈഡ് കെട്ട് - സമഗ്രമായ പദ്ധതി തയ്യാറാക്കിയില്ല

നിര്വ്വഹണ ഉദ്യോഗസ്ഥന് - അസിസ്റ്റന്റ് എഞ്ചിനീയര്

മുത്തപ്പന്പുഴ മേലെ മുത്തപ്പന്പുഴ റോഡ് സൈഡ് കെട്ടി സംരക്ഷിക്കുന്നതിനായി 2022-23 വര്ഷം രൂപീകരിച്ച 2 പദ്ധതികള് സ്പില് ഓവര് ആയി ഓഡിറ്റ് വര്ഷം നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രൊജക്ടിന്റെ വിവരം
പ്രൊജക്ട് നമ്പര്	244/24
അടങ്കല്	5,00,000, സംരക്ഷണഗ്രാന്റ് (റോഡ്)

ചെലവ് ടെണ്ടര് ചെയ്ത തീയതി ടെണ്ടര് നിരക്ക് കരാറുകാരന് ചെയ്ത പ്രവൃത്തി	4,26,827/- Bill Sanction No. 376/28.3.23 9,822/- Bill Sanction No. 61/13.7.23 4,36,649/-(ആകെ) 23.1.2023 20.54% Below ശരത് സെബാസ്റ്റ്യന് 0/470 മുതല് സൈഡ് കെട്ട്
പ്രൊജക്ട് നമ്പര് അടങ്കല് ചെലവ് ടെണ്ടര് ചെയ്ത തീയതി ടെണ്ടര് നിരക്ക് കരാറുകാരന് ചെയ്ത പ്രവൃത്തി	272/24 4,96,000, സംരക്ഷണഗ്രാന്റ് (റോഡ്) 4,31,037/-, Bill Sanction No. 354/6.3.24 23.3.2023 17.38% Below ശരത് സെബാസ്റ്റ്യന് 0/700 മുതല് സൈഡ് കെട്ട്

മേല് പ്രൊജക്ടുകളില് ആദ്യത്തെ പ്രവൃത്തി 20.54% Below നിരക്കിലും രണ്ടാമത്തെ പ്രവൃത്തി 17.38% Below നിരക്കിലുമാണ് ഒരേ കരാറുകാരന് ഏറ്റെടുത്ത് നടത്തിയത്. സമഗ്രമായി പദ്ധതി തയ്യാറാക്കാതെ 2 പദ്ധതികളായി നടപ്പിലാക്കിയതിനാലാണ് വ്യത്യസ്ത നിരക്കുകളില് പ്രവൃത്തി പൂര്ത്തീകരിക്കേണ്ടി വന്നത്. ഒരേ റോഡില് രണ്ട് ചെയിനേജുകളിലായി സൈഡ് കെട്ടുന്ന പ്രവൃത്തി ചെയ്യുന്നതിനായി രണ്ടു പദ്ധതികള് രൂപീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നം. 17/3.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നല്കേണ്ടതാണ്.

1-22 ഐ. ടി. ഐ കെട്ടിടത്തിന്റെ വാടക - ചുമതലയില് പെടാത്ത കാര്യത്തിന് തുക ചെലവഴിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 14-ാം വാര്ഡില് പ്രവര്ത്തിക്കുന്ന ഗവ. ഐ.ടി.ഐ, നിലവില് ഒരു വാടക കെട്ടിടത്തിലാണ് പ്രവര്ത്തിക്കുന്നത്. ശ്രീ. സണ്ണി വി. ജോസഫ് എന്നവരുടെ ഉടമസ്ഥതയിലുള്ള 14/1264A നമ്പര് കെട്ടിടത്തില് പ്രവര്ത്തിക്കുന്ന സ്ഥാപനത്തിന്റെ 2023 മാര്ച്ച് മുതല് 2024 ഫെബ്രുവരി വരെയുള്ള 12 മാസങ്ങളിലെ കെട്ടിട വാടകയായി പ്രതിമാസം 14,286/- രൂപ നിരക്കില് 1,71,432/- രൂപ ഓഡിറ്റ് വര്ഷം ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. 2010 വര്ഷത്തില് പ്രവര്ത്തനമാരംഭിച്ച് ഇതേ വാടകകെട്ടിടത്തില് പ്രവര്ത്തിച്ചുവരുന്ന സ്ഥാപനത്തിന്റെ 2024 ഫെബ്രുവരി വരെയുള്ള വാടക ഗ്രാമപഞ്ചായത്ത് നാളിതുവരെ നല്കിക്കഴിഞ്ഞെന്ന് ബന്ധപ്പെട്ട ഫയലില് നിന്നും വ്യക്തമാകുന്നു. ഗവ. ഐ.ടി.ഐ ക്ക് പുതിയ കെട്ടിടം നിര്മ്മിച്ച് പ്രവര്ത്തനം ആരംഭിക്കുന്നത് വരെ കെട്ടിടത്തിന്റെ വാടക തനത്ഫണ്ടില് നിന്ന് നല്കുന്നതിനുള്ള അനുമതിക്കായി 13.7.2016 ലെ കത്ത് പ്രകാരം സര്ക്കാരിനോട് അഭ്യര്ത്ഥിച്ചതിന്റെ അടിസ്ഥാനത്തില് 26.4.2017 ലെ സ.ഉ (സാധാ നം.1324/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാടക നല്കുന്നതിന് യഥേഷ്ടാനുമതി നല്കിയിട്ടുണ്ട്. 2.9.2010 മുതല് 5 വര്ഷത്തേക്കാണ് കെട്ടിട ഉടമയുമായി കരാറിലേര്പ്പെട്ടിരുന്നത്. പിന്നീട് കരാര് പുതുക്കുകയോ വാടകയില് വര്ദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. 2.9.2015 മുതല് കരാര് പുതുക്കാതെ അനധികൃതമായി പ്രവര്ത്തിക്കുന്നതിനാല് കെട്ടിടം ഒഴിയുന്നതിനും അര്ഹതപ്പെട്ട വാടകവര്ദ്ധനവ് അനുവദിച്ചു നല്കുന്നതിനുമായി കെട്ടിട ഉടമ 15.7.2020 ന് OS 116/20 നമ്പറായി താമരശ്ശേരി മുന്സിഫ് കോടതിയില് കേസ് ഫയല് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ 17.10.2024 ലെ വിധി പ്രകാരം 17.10.2024 മുതല് 45 ദിവസത്തിനകം കെട്ടിടം ഒഴിഞ്ഞു കൊടുക്കാനും കരാര് പുതുക്കാതെ നിയമവിരുദ്ധമായി പ്രവര്ത്തിച്ചതിന് 15.7.2020 മുതല് കെട്ടിടം ഒഴിയുന്നത് വരെ പ്രതിമാസം 15,000/- രൂപ വീതം (വാടകയ്ക്ക് പുറമെ) കെട്ടിട ഉടമയ്ക്ക് നല്കാനും ഉത്തരവായിട്ടുണ്ട്. കൂടാതെ കേസിന്റെ ചെലവിലേക്കായി 17,305/- രൂപയും കെട്ടിട ഉടമക്ക് നല്കേണ്ടതാണ്. അതായത് കോടതി വിധി പ്രകാരം 30.11.2024 ന് കെട്ടിടം ഒഴിഞ്ഞു കൊടുക്കേണ്ടതും കെട്ടിടത്തില് നിയമവിരുദ്ധമായി ഐ.ടി.ഐ പ്രവര്ത്തിച്ചതിന് 15.7.2020 മുതല് 3011.2024 വരെയുള്ള കാലയളവിലേക്ക് പ്രതിമാസം 15,000/- രൂപ വീതം

52 മാസത്തേക്ക് 7,80,000/- രൂപയും കേസിന്റെ ചെലവിലേക്കായി 17,305/- രൂപയും ഉള്പ്പെടെ 7,97,305/- രൂപ കെട്ടിട ഉടമയ്ക്ക് നല്കേണ്ടതുമാണ്. ഐ.ടി.ഐ കെട്ടിടത്തിന്റെ വാടക നല്കിയതുമായി ബന്ധപ്പെട്ട് ശ്രദ്ധയില്പ്പെട്ട അപാകതകള് താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകള് പ്രകാരം വിദ്യാഭ്യാസമേഖലയില് പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് മാത്രമാണ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയില്പ്പെടുന്നത് (സെക്ഷന് 166(1) പട്ടിക 3 കാണുക). ഇതേ ആക്ടിലെ സെക്ഷന് 172(1) പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകള് വ്യക്തമാക്കുന്ന നാലാം പട്ടികയില്, വിദ്യാഭ്യാസ മേഖലയില് സര്ക്കാര് വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയാക്കി മാറ്റിയിട്ടുമുണ്ട്. അതായത് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ നടത്തിപ്പ് ചുമതലയില് പെടുന്ന സ്ഥാപനത്തിനാണ് നാളിതുവരെ വലിയ തുക ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചത്. നാളിതുവരെ സ്ഥാപനത്തിന്റെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറാതെ, വാടക ഇനത്തില് തുക വിനിയോഗിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

2. 2.9.2015 മുതല് കെട്ടിട ഉടമയുമായി കരാര് വെക്കാതെയാണ് ഐ.ടി.ഐ പ്രവര്ത്തിച്ചു വരുന്നത്. യഥാസമയം കരാര് പുതുക്കാത്തതിനാല് കോടതി വിധി പ്രകാരം 7,80,000/- രൂപയുടെ അധികബാധ്യത ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്. കെട്ടിട ഉടമയുമായി യഥാസമയം കരാര് വെക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

3. ഐ.ടി.ഐ ക്കായി സര്ക്കാര് പുതിയ കെട്ടിടം നിര്മ്മിച്ചെങ്കിലും കുടിവെള്ളം ലഭ്യമല്ലാത്തതിനാല് നിലവില് പ്രവര്ത്തനം ആരംഭിക്കാന് കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാല് തന്നെ കോടതി വിധി പ്രകാരം വാടകകെട്ടിടം ഒഴിയേണ്ടി വന്നാല് പുതിയ കെട്ടിടം വാടകയ്ക്ക് എടുക്കേണ്ട അവസ്ഥയാണുള്ളത്. കോടതി വിധിക്കെതിരെ അപ്പീല് നല്കിയിട്ടുണ്ടെങ്കില് ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകള് ചൂണ്ടിക്കാണിച്ചു നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നം. 9/2.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകള്ക്ക് മറുപടി നല്കേണ്ടതാണ്.

1-23 തൊഴിലുറപ്പ് പദ്ധതി - സാധനങ്ങള് സമാഹരിക്കുന്നതിലെ അപാകതകള്

ഗ്രാമപഞ്ചായത്തില് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധനങ്ങള് സമാഹരിക്കുന്നതിന് 17 വാര്ഡുകളെ 3 സോണുകളായി തിരിച്ച് ടെണ്ടര് നടപടികള് സ്വീകരിച്ചതിനാല് ഒരേ സാധനം തന്നെ വിവിധ വാര്ഡുകളില് വ്യത്യസ്ത നിരക്കില് വാങ്ങാനിടയായി. നിരക്കിലെ അന്തരം സംബന്ധിച്ച വിവരം ചുവടെ ചേര്ക്കുന്നു.

ഇനം	സെക്യൂര് സോഫ്റ്റ്വെയറിലെ 2022 - 23 എസ്റ്റിമേറ്റ് നിരക്ക്	MGNREGS കരാര് നിരക്ക്		
		വാര്ഡ് 1,4,8,10 (കരാറുകാരന് -ബിജോ കെ. പി)	വാര്ഡ് 2,3,9,12 (കരാറുകാരന് -സുമോദ് അരീപ്പറമ്പില്)	വാര്ഡ് 5,6,7,11,13,14, 15,16,17 (കരാറുകാരന് - KJLCC)
40 MM Stone Aggregate	2310/cum	2310/cum	2100/cum	1993.50/cum
20 MM Stone Aggregate	2310/cum	2310/cum	2100/cum	1993.50/cum
10 MM Stone Aggregate	2310/cum	2310/cum	2100/cum	1993.50/cum
Quarry Waste	1345/cum	1345/cum	1225/cum	1160.70/cum
Course Sand	2377.20/cum	2377.20/cum	2165/cum	2051.50/cum
Portland Cement 50kg Bag	561.41/Bag	561.41/Bag	420/bag	484.50/Bag

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളില് സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും

വിനിയോഗവും സംബന്ധിച്ച നിര്ദ്ദേശങ്ങള് ഉള്ക്കൊള്ളിച്ചു കൊണ്ടുള്ള 31.3.12 ലെ സ.ഉ(കൈ)93/12 /ത.സ്വ.ഭ.വ നമ്പര് ഉത്തരവ് പ്രകാരം പ്രവൃത്തികള്ക്ക് ആവശ്യമായ സാധനസാമഗ്രികളുടെ ഇനവും അളവും അര്ദ്ധവാര്ഷികാടിസ്ഥാനത്തില് ക്രോഡീകരിച്ച് ഒരു പ്രൊക്യുര്മെന്റ് പ്ലാന് തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തില് വാങ്ങല് നടപടികള് സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാര്ഡുകളിലെയും പ്രവൃത്തികള്ക്ക് ആവശ്യമായ സാധനസാമഗ്രികള് ഉള്പ്പെടുത്തി ടെണ്ടര് നടപടികള് സ്വീകരിക്കുന്നതിന് പകരം 3 സോണുകളായി തിരിച്ച് ടെണ്ടര് ചെയ്തതിനാല് ഒരേ സാധനം തന്നെ ചില വാര്ഡുകളില് ഉയര്ന്ന നിരക്കില് സമാഹരിക്കുന്നതിന് കാരണമായി. മേല് പട്ടിക പരിശോധിച്ചാല് 1, 4, 8, 10 വാര്ഡുകളില് 2, 3, 9, 12 വാര്ഡുകളെ അപേക്ഷിച്ച് സിമന്റിന് ഒരു ബാഗിന് 141.41 രൂപ അധികം നല്കേണ്ടതായി വന്നിട്ടുണ്ടെന്ന് കാണാം. ഇതുപോലെ എല്ലാ ഇനങ്ങളിലും സാധനങ്ങളുടെ വിലയില് വ്യത്യാസമുള്ളതായി കാണാം. സാധനങ്ങള് സമാഹരിക്കുന്നതിന് വാര്ഡ് തിരിച്ച് ടെണ്ടര് നടപടികള് സ്വീകരിക്കുന്നതിന് ആധാരമാക്കിയ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിക്ക് (നം.10/2.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കല് - ഹരിതകര്മ്മ സേന - പ്രവര്ത്തനാവലോകനം

നവകേരളം കര്മ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളില് ഉള്പ്പെടുന്നതാണ് ഹരിതകേരളം മിഷന്. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളില് ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തില് സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളില് ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാര്ഗ്ഗനിര്ദ്ദേശങ്ങള് അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സര്ക്കാര് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തില് ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യല്, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിര്മ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തില് മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാര്ഗ്ഗനിര്ദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീല്ഡുതല പ്രവര്ത്തനങ്ങള് നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകര്മ്മസേന.

ഹരിത കര്മ്മസേനയുടെ വിശദമായ പ്രവര്ത്തന മാര്ഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020 ലെ സ.ഉ(സാധാ) 1496/2020/തസ്വഭവ നമ്പരായി സര്ക്കാര് തുടര് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകര്മ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവര്ത്തനം, കണ്സോര്ഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകള്/യൂസര്ഫീ കൈകാര്യം ചെയ്യുന്ന രീതി, കോര്പ്പസ് ഫണ്ട്, മറ്റു വരുമാന മാര്ഗ്ഗങ്ങള്, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴില് മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികള്, പരാതി പരിഹാരം, ഹരിതകര്മ്മസേനയുടെ പ്രവര്ത്തനത്തില് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകള് എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവില് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേല് ഉത്തരവുകളുടെ അടിസ്ഥാനത്തില് തിരുവമ്പാടി ഗ്രാമപഞ്ചായത്തില് രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കര്മ്മസേനയുടെ പ്രവര്ത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വര്ഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങള് താഴെ ചേര്ക്കുന്നു.

1) ഹരിത കര്മ്മസേന

തിരുവമ്പാടി ഗ്രാമപഞ്ചായത്തില് 2018 സാമ്പത്തിക വര്ഷത്തിലാണ് വീടുകളില് നിന്ന് അജൈവമാലിന്യം ശേഖരിക്കുന്ന പ്രവര്ത്തനം ആരംഭിച്ചത്. എന്നാല് ഇന്ന് നിലവിലുള്ള രീതിയില് ഹരിതകര്മ്മസേന പ്രവര്ത്തനം ആരംഭിച്ചത് 2022 മുതലാണ്. ഹരിത കര്മ്മസേന കുടുംബശ്രീയുടെ കീഴില് കണ്സോര്ഷ്യമായി രജിസ്റ്റര് ചെയ്തിട്ടുണ്ട്. ഇപ്പോള് സ്മൈല് ടെക്ക് ഹരിതകര്മ്മസേന എന്ന പേരിലാണ് രജിസ്റ്റര് ചെയ്തിട്ടുള്ളത് (രജിസ്റ്റര് നം. KKD/TDY/CDS/068 15.7.24 മുതല് ഒരു വര്ഷത്തേക്ക്).

2) മാലിന്യ ശേഖരണം

നിലവില് മുന്കൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തില് എല്ലാ മാസവും ഹരിത കര്മ്മസേനാംഗങ്ങള് മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളില് നിന്ന് 50/- രൂപയും കടകളില് നിന്ന് മിനിമം 50/- രൂപയുമാണ് ഈടാക്കി വരുന്ന യൂസര് ഫീ. കടകളില് നിന്നും ആഴ്ചയില് 2 പ്രാവശ്യം മാലിന്യം ശേഖരിക്കുമ്പോള് ഓരോ തവണയും 50/- രൂപ വീതം ഫീ ഈടാക്കുന്നുണ്ട്. യൂസര് ഫീ ആയി

ഈടാക്കുന്ന തുകയ്ക്ക് പുറമേ റിജക്റ്റഡ് വേസ്റ്റിന് മാലിന്യത്തിന്റെ അളവിനനുസരിച്ചുള്ള തുക കൂടി ഈടാക്കി വരുന്നതായാണ് ഹരിതകർമ്മസേനാംഗങ്ങള് അറിയിച്ചിട്ടുള്ളത്. എന്നാല് റിജക്ടഡ് വേസ്റ്റിന് ചാക്കിനനുസരിച്ചും, കൃത്യമായ തൂക്കത്തിനനുസരിച്ചും തുക ഈടാക്കുന്ന രീതിയിലേക്ക് കോഴിക്കോട് ജില്ലയിലെ മിക്ക ഗ്രാമപഞ്ചായത്തുകളും മാറിയിട്ടുള്ള സാഹചര്യത്തിലും അധികതുകയൊന്നും ഈടാക്കാതെ റിജക്ടഡ് വേസ്റ്റ് സ്വീകരിക്കുന്നത് മൂലം ആയത് കൈയ്യൊഴിയുന്നതിന് ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്ന അവസ്ഥയിലാണ് നിലവില് തിരുവമ്പാടി ഗ്രാമപഞ്ചായത്തുള്ളത്.

3) മാലിന്യ ശേഖരണ കാര്യക്ഷമത

2023 മാർച്ച് മാസത്തിലും, 2024 മാർച്ച് മാസത്തിലും യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

2023 മാർച്ച് മാസം		2024 മാർച്ച് മാസം	
വീടുകള്	മറ്റ് കെട്ടിടങ്ങള്	വീടുകള്	മറ്റ് കെട്ടിടങ്ങള്
യൂസര് ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം			
1836	547	3570	640
പിരിച്ചെടുത്ത ആകെ യൂസർ ഫീ			
91820	54780	181244	64050

യൂസര് ഫീ നല്കാന് കഴിവില്ലാത്ത കുടുംബങ്ങള് ഗ്രാമപഞ്ചായത്തില് ഉണ്ടെങ്കിലും ഇവരുടെ യൂസര് ഫീ ഹരിതകർമ്മസേനയ്ക്ക് നല്കുന്നതിനുള്ള പ്രൊജക്ട് ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടില്ല.

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങള് കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തില് കെട്ടിടങ്ങള്ക്ക് ക്യൂ. ആര് കോഡ് പതിച്ചിട്ടുണ്ടെങ്കിലും ആയതിന് കൃത്യതയില്ല.

ഹരിതകർമ്മസേന ലഭ്യമാക്കിയ വിവരങ്ങള് പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളില് നിന്നും വാസേതര കെട്ടിടങ്ങളില് നിന്നും യൂസര് ഫീ ലഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് യൂസര് ഫീ പിരിവിന് യോഗ്യമായ മുഴുവന് കെട്ടിടങ്ങളിലും ക്യൂ. ആര് കോഡ് പതിച്ച് മാലിന്യശേഖരണം നടത്തുന്നതിനുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്.

മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന പിരിക്കുന്ന യൂസര് ഫീ കൈകാര്യം ചെയ്യുന്നതിനായി ഫെഡറല് ബാങ്കിന്റെ തിരുവമ്പാടി ശാഖയിലാണ് സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് (അക്കൗണ്ട് നം. 19540100098627). പ്രസ്തുത അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 6,90,068/- രൂപയാണ്. 2022-23, 2023-24 സാമ്പത്തിക വർഷം ഹരിതകർമ്മസേനയുടെ വരുമാനവും ചെലവുകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

സാമ്പത്തിക വർഷം	2022-23	2023-24
സെഗ്രിഗേറ്റഡ് വേസ്റ്റില് നിന്നുള്ള വരുമാനം	546103	692821
റിജക്റ്റഡ് വെയിസ്റ്റ് കൈയ്യൊഴിയുന്നതിനുള്ള ചെലവ്	1191950	1890728

ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്ന വരുമാനത്തില് നിന്നുമാണ് ഹരിതകർമ്മസേനാംഗങ്ങള്ക്ക് വേതനം നല്കി വരുന്നത്. എന്നാല് റിജക്ടഡ് വേസ്റ്റ് കൈയ്യൊഴിയുന്നതിനുള്ള ചെലവ് കണ്ടെത്താന് ഈ വരുമാനത്തില് നിന്നും സാധിച്ചിട്ടില്ല.

4) മാലിന്യ നീക്കം

ഹരിതകർമ്മസേന ശേഖരിക്കുന്ന തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ടെണ്ടർ വിളിച്ച് ഈ മേഖലയില് പ്രവർത്തിക്കുന്ന ഏജന്സികളുമായി കരാറിലേർപ്പെട്ടു വരുന്നുണ്ട്. മുന് വർഷവും നിലവിലും "ഗ്രീന് വേംസ് ഇക്കോ സൊല്യൂഷന്സ്" എന്ന ഏജന്സിയായിരുന്നു മാലിന്യനീക്കത്തിന് ഗ്രാമപഞ്ചായത്തുമായി കരാറില് ഏർപ്പെട്ടിരുന്നത്. (എഗ്രിമെന്റ് തീയതി 03.08.2023 – മൂന്ന് വർഷമാണ് കാലാവധി). റിജക്റ്റഡ് വേസ്റ്റ് കിലോഗ്രാമിന് 5.50/- രൂപ നിരക്കിലാണ് അവർ നീക്കം ചെയ്തിരുന്നത്. റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള തുക ഗ്രാമപഞ്ചായത്താണ് ഏജന്സികള്ക്ക് നല്കി വരുന്നത്. മുന്വർഷങ്ങളിലെ മാലിന്യങ്ങള് കൂടി കൈയൊഴിയുന്നതിന് ഓഡിറ്റ് വർഷത്തില് ചെലവ് ചെയ്തിട്ടുണ്ട്. മേല് പട്ടിക പ്രകാരം 2023-24 സാമ്പത്തിക വർഷം ഇതിനായി 18,90,728/- രൂപ ഗ്രാമപഞ്ചായത്ത് പ്രൊജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

മാലിന്യം നീക്കം ചെയ്തതിന് ശേഷം ഏജന്സി ലഭ്യമാക്കുന്ന അളവു തൂക്ക ബില്ലുകളുടെ അടിസ്ഥാനത്തിലാണ് അവർക്ക് കരാർ പ്രകാരമുള്ള തുക നല്കി വരുന്നത്. മുക്കം, താമരശ്ശേരി

എന്നിവിടങ്ങളിലെ വെയ്ബ്രിഡ്ജില് വെച്ചാണ് മാലിന്യനീക്കത്തോടനുബന്ധിച്ച് വാഹനങ്ങളുടെ തൂക്കമെടുത്തു വരുന്നത്. വെയ്ബ്രിഡ്ജില് മാലിന്യം തൂക്കമെടുക്കുമ്പോള് നേരില് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട് എന്നാണ് വില്ലേജ് എക്സ്റ്റന്ഷന് ഓഫീസര് അറിയിച്ചിട്ടുള്ളത്. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേല്നോട്ടം ഉറപ്പുവരുത്തേണ്ടതാണ്.

<u>5) മാലിന്യ വേര്തിരിവ് പാലിക്കലും റീസൈക്ലിങ്ങും</u>

ഹരിത കര്മ്മസേന ശേഖരിക്കുന്ന മാലിന്യങ്ങള് ഉറവിടത്തില് വച്ചു തന്നെ വേര്തിരിച്ച് ക്രമീകരിക്കുന്നില്ല. എന്നാല് വീടുകളില് വച്ചു തന്നെ ഒരു പ്രാഥമിക വേര്തിരിവ് സേന നടത്തുന്നുണ്ട്. തുടര്ന്ന് എം.സി.എഫില് വച്ച് വിശദമായ വേര്തിരിവ് നടത്തുകയും, പുനരുപയോഗ്യ മാലിന്യങ്ങള് വിറ്റ് കയ്യൊഴിയുകയും ശേഷിക്കുന്നവ മാലിന്യനീക്ക ഏജന്സിക്ക് നല്കുകയുമാണ് ചെയ്യുന്നത്.

<u>6) കമ്മ്യൂണിറ്റി എന്ഗേജ്മെന്റ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തില് ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യല് എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളില് ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി ഗ്രാമസഭ മീറ്റിങ്ങിലും സ്കൂളുകളിലും (റാലികള്) പരിപാടികള് സംഘടിപ്പിക്കുന്നുണ്ട്.

<u>7) തൊഴില് സൃഷ്ടിക്കല്</u>

നിലവില് സേനാംഗങ്ങള്ക്ക് പ്രതിദിനം 600/- രൂപ വീതം വേതനമായി നല്കി വരുന്നുണ്ട്. ആകെ വരുമാനത്തില് നിന്നും 30% തുക മാറ്റി വയ്ക്കുന്നു. കൂടാതെ സേനാംഗങ്ങളുടെ വേതനത്തിന്റെ 10% മാറ്റി വയ്ക്കുന്നത് ചികിത്സയ്ക്കും മറ്റ് അത്യാവശ്യങ്ങള്ക്കും ഉപയോഗിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ അങ്ങാടികള് ശുചീകരിക്കുന്നതിനായി ഹരിതകര്മ്മ സേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കടകളില് നിന്നുള്ള ജൈവമാലിന്യം സംഭരിച്ച് എം.സി.എഫ് ല് എത്തിക്കുകയും ഹരിതകര്മ്മസേനയുടെ ആഭിമുഖ്യത്തില് ജൈവമാലിന്യ സംസ്കരണത്തിനുള്ള ബയോകണ്വര്ട്ടര് പ്രവര്ത്തിപ്പിച്ച് വളം നിര്മ്മിച്ചു വരികയും ചെയ്യുന്നു. ഈ വളം വിപണനം ചെയ്യുന്നതിനുള്ള ശ്രമങ്ങള് നടന്നുവരുന്നു.

<u>8) അടിസ്ഥാന സൗകര്യ വികസനം</u>

ഹരിതകര്മ്മസേനയ്ക്ക് യൂണിഫോമും മറ്റു സുരക്ഷാ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് വാങ്ങി നല്കി വരുന്നുണ്ട്. വാര്ഡുകളില് നിന്ന് എം.സി.എഫിലേക്ക് മാലിന്യമെത്തിക്കുന്നതിനായി 2024 ആഗസ്റ്റ് മുതല് സ്വന്തമായുള്ള വാഹനമാണ് ഉപയോഗിച്ചു വരുന്നത്. വാഹനം ഓടിക്കുന്ന ഡ്രൈവര് നിലവില് ഹരിതകര്മ്മസേനയില് അംഗമായിട്ടുണ്ട്. നിലവില് ഡ്രൈവര്ക്ക് പ്രതിദിനം 735/- രൂപയാണ് വേതനം നല്കി വരുന്നത്. 2024 ഒക്ടോബര് മുതല് ഹരിതകര്മ്മസേനയുടെ വരവില് നിന്നും ഡ്രൈവര്ക്ക് വേതനം നല്കി തുടങ്ങി.

<u>9) മെറ്റീരിയല് കലക്ഷന് ഫെസിലിറ്റി</u>

14ാം വാര്ഡിലുള്ള ഒറ്റപ്പൊയില് എന്ന പ്രദേശത്താണ് ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയല് കലക്ഷന് ഫെസിലിറ്റി (എം.സി.എഫ്) സ്ഥിതി ചെയ്യുന്നത്. എം.സി.എഫിനു വേണ്ട എല്ലാ വിധ സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇതിനോട് ചേര്ന്ന് സ്ഥിതി ചെയ്യുന്നതും, വിശാലമായ സ്ഥലസൗകര്യത്തോട് കൂടിയുള്ളതുമായ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ആര്.ആര്.എഫ് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തും ഹരിതകര്മ്മസേന കണ്സോര്ഷ്യവും തമ്മിലുള്ള 01.07.2024 തീയതിയിലെ കരാറിന്റെ അടിസ്ഥാനത്തില് ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ/വേര്തിരിവ് പ്രവൃത്തികള്ക്കായി വിട്ടുകിട്ടിയിട്ടുണ്ട്.

<u>10) പരിശീലനവും വികസനവും</u>

ഹരിത കര്മ്മ സേനാംഗങ്ങള്ക്ക് മാലിന്യ സംസ്കരണത്തില് അവരുടെ കഴിവുകളും അറിവും വര്ദ്ധിപ്പിക്കാനും തുടര്ച്ചയായ പുരോഗതിയും പ്രൊഫഷണല് വികസനവും ഉറപ്പാക്കാനും വേണ്ട പരിശീലന പരിപാടികള് ലഭിച്ചുവരുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

<u>11) പ്രവര്ത്തന അവലോകനം</u>

ഹരിത കര്മ്മസേനയുടെ പ്രവര്ത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്ത് വരുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, ഹെല്ത്ത് ഇന്സ്പെക്ടര്, വില്ലേജ് എക്സ്റ്റന്ഷന് ഓഫീസര് എന്നിവര് ഹരിതകര്മ്മസേന പ്രവര്ത്തനത്തിന് മേല്നോട്ടം വഹിച്ചു വരുന്നുണ്ട്.

13) ഓഡിറ്റ് നിഗമനവും നിര്ദ്ദേശങ്ങളും

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ഹരിത കര്മ്മ സേനയുടെ പ്രവര്ത്തനം മുന്വര്ഷങ്ങളുമായി താരതമ്യം ചെയ്യുമ്പോള് നിലവില് നല്ല രീതിയില് നടന്നു വരുന്നുണ്ട് എന്നാണ് പരിശോധനയില് മനസ്സിലാവുന്നത്. പ്രവര്ത്തനം മെച്ചപ്പെടുത്തുന്നതിനും, ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി താഴെ പറയുന്ന നിര്ദ്ദേശങ്ങള് നടപ്പാക്കുന്നതിന് ഓഡിറ്റ് ശിപാര്ശ ചെയ്യുന്നു.

1. ഹരിത കര്മ്മസേന ശേഖരിക്കുന്ന മാലിന്യങ്ങള് ഉറവിടത്തില് വച്ചു തന്നെ വേര്തിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്.
2. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേല്നോട്ടം ഉറപ്പു വരുത്തേണ്ടതാണ്.
3. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതല് ബോധവല്ക്കരിക്കുന്നതിനുള്ള പരിപാടികള് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
4. ലഭ്യമായ എല്ലാ മെഷീനുകളും ഉപയോഗിച്ച് പ്രവര്ത്തനം കൂടുതല് കാര്യക്ഷമമാക്കാന് വേണ്ട നടപടികള് സ്വീകരിക്കേണ്ടതാണ്.

5. നൂതനമായ മാലിന്യ സംസ്കരണ രീതികള് നടപ്പാക്കുന്നത് സംബന്ധിച്ചു ഹരിതകര്മ്മ സേനയ്ക്ക് പരിശീലനം നല്കേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങള് തുടങ്ങുന്നതുള്പ്പെടെയുള്ള കാര്യങ്ങള്ക്ക് സഹായം ചെയ്തു നല്കേണ്ടതുമാണ്.

മേല് നിര്ദ്ദേശങ്ങള് നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവര്ത്തനങ്ങള് കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കര്മ്മസേനയെ ഉയര്ത്തിക്കൊണ്ടു വരേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങള്

[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോര്ട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങള്

[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോര്ട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാര്ഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

സാമ്പത്തിക വര്ഷം	സര്ട്ടിഫിക്കേഷന് കണക്കുകള് പരിശോധിച്ച തീയതി	സര്ട്ടിഫിക്കറ്റ് നമ്പര്/തീയതി
2023-24	27.11.2024 & 28.11.2024	ഈ റിപ്പോര്ട്ടിനോടൊപ്പം പുറപ്പെടുവിച്ചു

4-2 സംയുക്ത പ്രൊജക്റ്റുകള്ക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട്	ചെലവ്	ബാലൻസ്	നിലവിലെ അവസ്ഥ
ബ്ലോക്ക് പഞ്ചായത്ത്	2023-24	3,00,000	13/24 ലൈഫ് ഭവന നിർമ്മാണം ജനറൽ	3,00,000	0	പൂർത്തീകരിച്ചു.
		7,00,000	14/24 ലൈഫ് ഭവന	3,00,000	4,00,000	Drop ചെയ്തു.

		നിർമ്മാണം എസ്.സി.പി.			
	13,00,000	69/24 ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി	5,72,279	7,27,721	സ്പിൽ ഓവർ ആയി തുടരുന്നു.
	5,00,000	105/24 അങ്കണവാടി പോഷകാഹാരം പരിപാടി	0	5,00,000	സ്പിൽ ഓവർ ആയി തുടരുന്നു.
	7,50,000	108/24 ഭിന്ന ശേഷി സ്കോളർഷിപ്പ്	7,50,000	0	പൂർത്തീകരിച്ചു.
	2,50,000	127/24 സൗരോർജ്ജ വേലി	0	2,50,000	സ്പിൽ ഓവർ ആയി തുടരുന്നു.
	5,000	130/24 വയോ ക്ലബ്ബ്	0	5,000	Drop ചെയ്തു.
	70,000	131/24 ഫാം ടൂറിസം	0	70,000	സ്പിൽ ഓവർ ആയി തുടരുന്നു.
	1,00,000	250/24 ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	0	1,00,000	Drop ചെയ്തു.
	2,100	258/24 ഫാം ടൂറിസം	0	2,100	Drop ചെയ്തു.
	5,00,000	261/24 മിൽമുക്ക് ലക്ഷം വീട് അങ്കണവാടി നിർമ്മാണം	4,98,276	1,724	പൂർത്തീകരിച്ചു.
	5,00,000	263/24 അങ്കണവാടി പോഷകാഹാരം പരിപാടി	൹	5,00,000	Drop ചെയ്തു.
	5,00,000	285/24 ലൈഫ് മിഷൻ ഭവന നിർമ്മാണം അഡീഷണൽ എസ്.സി.പി.	൹	5,00,000	Drop ചെയ്തു.
	8,00,000	287/24 ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികവർഗ്ഗം	൹	8,00,000	Drop ചെയ്തു.
ആകെ	62,75,000		24,20,555	38,54,445	

ജില്ലാ പഞ്ചായത്ത്	2023-24	7,00,000	13/24 ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	0	7,00,000	Drop ചെയ്തു.
		9,00,000	14/24 ലൈഫ് ഭവന നിർമ്മാണം എസ്.സി.പി.	0	9,00,000	Drop ചെയ്തു.
		3,00,000	24/24 മത്സ്യ സഞ്ചാരി	0	3,00,000	സ്പിൽ ഓവർ ആയി തുടരുന്നു.
		10,00,000	69/24 ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി	10,00,000		പൂർത്തീകരിച്ചു.
		2,50,000	86/24 കറവപ്പശുക്കൾക്ക് കാലിത്തീറ്റ	2,50,000	0	പൂർത്തീകരിച്ചു.
		1,50,000	108/24 ഭിന്നശേഷി സ്കോളർഷിപ്പ്	1,50,000	0	പൂർത്തീകരിച്ചു.
		17,50,000	127/24 സൗരോർജ്ജ വേലി	5,00,000	12,50,000	Drop ചെയ്തു.
		2,10,000	45/23 ഭിന്നശേഷി സ്കോളർഷിപ്പ്	2,10,000	0	പൂർത്തീകരിച്ചു.
		1,25,000	128/24 ക്രാഡിൽ സംയോജിത പദ്ധതി	0	1,25,000	Drop ചെയ്തു.
		5,000	130/24 വയോക്ലബ്ബ്	0	5,000	Drop ചെയ്തു.
		90,000	131/24 ഫാം ടൂറിസം	0	90,000	സ്പിൽ ഓവർ ആയി തുടരുന്നു.
		15,00,000	261/24 മിൽമുക്ക് ലക്ഷംവീട് അങ്കണവാടി നിർമ്മാണം	0	15,00,000	സ്പിൽ ഓവർ ആയി തുടരുന്നു.
		1,00,000	250/24 ലൈഫ് മിഷൻ ഭവന നിർമ്മാ ണം ജനറൽ	0	1,00,000	Drop ചെയ്തു.
		21,600	258/24 ഫാം ടൂറിസം	0	21,600	Drop ചെയ്തു.

	11,20,000	285/24 ലൈഫ് മിഷൻ ഭവന നിർമ്മാണം അഡീഷണൽ എസ്.സി.പി.	0	11,20,000	Drop ചെയ്തു.
	23,00,000	287/24 ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികവർഗ്ഗം	0	23,00,000	Drop ചെയ്തു.
ആകെ	**1,02,90,000**		**19,00,000**	**83,90,000**	

4-3 ഡെപ്പോസിറ്റ് വര്ക്കുകള്ക്ക് നല്കിയ തുകയുടെ വിവരം

- ഇല്ല-

4-4 മൊബിലൈസേഷന് അഡ്വാന്സ്

ഓഡിററ് വര്ഷം മൊബിലൈസേഷന് അഡ്വാന്സായി തുകയൊന്നും നല്കിയിട്ടില്ല.

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിററ് വര്ഷം വായ്പ തിരിച്ചടച്ചതിന്റെയും വര്ഷാവസാനം തിരിച്ചടയ്ക്കാന് അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വായ്പ നല്കിയ എജന്സി	സാമ്പത്തിക വർഷം	തന് വര്ഷം എടുത്ത വായ്പ	വര്ഷാരം ഭത്തില് തിരിച്ചടയ്ക്കാന് ബാക്കിയുണ്ടായിരുന്ന തുക	തന്വര്ഷം തിരിച്ചടച്ച തുക		വര്ഷാവസാനം തിരിച്ചടയ്ക്കാന് ബാക്കിയുള്ള തുക
					മുതല്	പലിശ	
ലൈഫ് ഭവന പദ്ധതി	GO(MS)68/2018 Dtd 18/05/2018 LSGD 34/2018 Dtd 16/3/2018	2023-24	63,20,000	29,01,151	24,18,416	0	68,02,735

(കുറിപ്പ്- 13.2.23 ന് ജി. ഒ പ്രോജക്റ്റ് പ്രകാരം തിരിച്ചടച്ച എസ്.സി.പി, ടി.എസ്.പി (469826 + 34875 = 504701) ഫണ്ട് 2022-23 ല് ഉള്പ്പെടുത്തിയിട്ടില്ല. ആയത് തന്വര്ഷം തിരിച്ചടച്ച തുകയില് ഉള്പ്പെടുത്തിയിട്ടുണ്ട്)

4-6 സ്ഥിര നിക്ഷേപം

– ഇല്ല -

4-7 ഓഡിററ് റിക്കവറി

ഓഡിററ് റിപ്പോര്ട്ട് ഖണ്ഡികയുടെ വിശദാംശങ്ങള്	തുക	പേര്	തീയതി	രസീതി നം.
2021-22 ഖ. 1-11	2,150	എ.എം.എച്ച് ഹെല്ത്ത് കെയര്, പുന്നക്കല്, ഡോ. സൈഫുന്നീസ	05/07/23	1230101716
2021-22	4,300	എ.എം.എച്ച്	05/07/23	1230101717

ഖ. 1-11		ഹെല്ത്ത് കെയര്, പുന്നക്കല്, ഡോ. സൈഫുന്നീസ		
2021-22 ഖ. 1-9	3,182	ജേക്കബ് സെബാസ്റ്റ്യന്, മിനി ജോര്ജ്ജ്, ഷാജി	05/09/23	1230102014
	9,632			

4-8 സമാഹൃത ഓഡിറ്റ് റിപ്പോര്ട്ട്

പഞ്ചായത്തിലെ മുന്വര്ഷ ഓഡിറ്റ് റിപ്പോര്ട്ടുകളില് കേരള ലോക്കല് ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോര്ട്ടില് ഉള്പ്പെട്ട ഖണ്ഡികകളില് തീര്പ്പാക്കാന് അവശേഷിക്കുന്നവയുടെ വിശദാംശങ്ങള് താഴെ കൊടുക്കുന്നു.

ഓഡിറ്റ് വര്ഷം	ഖണ്ഡിക	സമാഹൃത റിപ്പോര്ട്ട് വര്ഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	29	2003-04	11.13.7.19	നികുതി പിരിവില് അലംഭാവം	-
2001-02	3-1	2005-06	2.70.1.9.11	തൊഴില് രഹിത വേതനം – അപേക്ഷകള് തീര്പ്പാക്കിയില്ല	ഒഴിവാക്കാന് ശുപാര്ശ
		2014-15 പ്ര.ക്ഷ.റി	5.7.2	ക്ഷീരവികസന മേഖല – ചെലവ് തൃപ്തികരമല്ല	
		2014-15 പ്ര.ക്ഷ.റി	5.7.3	പദ്ധതി നടത്തിപ്പില് പിന്നില്	
		2014-15 പ്ര.ക്ഷ.റി	5.7.6	മൃഗസംരക്ഷണം - കര്മ്മസമിതി രൂപീകരിച്ചില്ല	
		2014-15 പ്ര.ക്ഷ.റി	5.7.8	തൊഴുത്തു നിര്മ്മാണം – തുക ചെലവഴിച്ചില്ല	
		2014-15 പ്ര.ക്ഷ.റി	5.7.12	സംസ്ഥാന വിഹിതം ലഭ്യമാകുന്നതില് കാലതാമസം	
		2015-16 പ്ര.ക്ഷ.റി	4.2.2	ഗുണഭോക്തൃ തെരഞ്ഞെടുപ്പ്	
2014-15	2-2	2016-17	അനുബന്ധം -4	തൊഴില്നികുതി – അപാകതകള്	
2015-16	3-17	2016-17	4.2.1	പുറമ്പോക്കുകള്	
2015-16	2-4	2016-17	അനുബന്ധം-5	തൊഴില്നികുതി – അപാകതകള്	
2016-17	2-2	2017-18	1.11.5	വസ്തുനികുതിയില് നഷ്ടം	

4-9 ചാര്ജ് /സര്ചാര്ജ് നടപടികളുടെ വിവരം

– ഇല്ല -

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വര്ഷത്തെ ആകെ വരവ്	6,79,63,618/-
ഓഡിറ്റ് വര്ഷത്തെ ആകെ ചെലവ്	5,54,92,021/-

വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിററില് അംഗീകരിക്കാത്ത തുക	-
ഓഡിററില് തടസ്സപ്പെടുത്തിയ തുക	5,24,810/-

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

-ഇല്ല-

<u>ഓഡിററില് തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പര്	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	3,25,388/-	ഡോ. ഫെസിന ഹസ്സന്, മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)
1-14	1,50,000/-	ശ്രീ. ബിബിന് ജോസഫ്, സെക്രട്ടറി
1-15	49,422/-	ശ്രീ. ബിബിന് ജോസഫ്, സെക്രട്ടറി

(സി) <u>കേന്ദ്ര-സംസ്ഥാന സര്ക്കാരുകള്, മററു സ്ഥാപനങ്ങള് എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താന് കൂടുതല് അന്വേഷണം ആവശ്യമായവ</u>

– ഇല്ല -

<u>(ഇ)റിപ്പോര്ട്ടില് പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേല്വിലാസവും</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേല്വിലാസം	സ്ഥിരം മേല്വിലാസം
ശ്രീ. ബിബിന് ജോസഫ്, സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്	സെക്രട്ടറി, മുക്കം നഗരസഭ	ഇടയപ്പുരക്കൽ വീട്, തിരുവമ്പാടി പി. ഒ, കോഴിക്കോട് - 673603
ഡോ. ഫെസിന ഹസ്സന്, മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി), തിരുവമ്പാടി ഗ്രാമപഞ്ചായത്ത്	തറമ്മല് വീട് ചെറുവാടി പി. ഒ

4-11 <u>തീര്പ്പാക്കാന് അവശേഷിക്കുന്ന ഓഡിററ് റിപ്പോര്ട്ടുകള്</u>

ഓഡിററ് വര്ഷം	ഈ വകുപ്പില് നിന്നും പുറപ്പെടുവിച്ച ഏററവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീര്പ്പാക്കാന് അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നം.
1988-89 1989-90	കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(1)/12.4.23	1	17
1990-91 1991-92	കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(2)/12.4.23	1	15
2000-01	കെ.എസ്.എ.കെ.കെ.ഡി. പി2/231/2022(4)/12.4.23	1	13(b)

2001-02	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(5)/12.4.23	1	30
2009-10	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(13)/12.4.23	2	3-1,3-3
2010-11	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(14)/12.4.23	1	3-1
2012-13 2013-14	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(16)/12.4.23	6	2-2, 3-5, 3-12,3-15, 3-20,3-30
2014-15	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(17)/ 12.4.23	3	2-2, 3-1,3-7
2015-16	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(18)/12.4.23	4	2-2, 2-4,3-12,3-17,
2016-17	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(19)/12.4.23	7	2-2, 2-4(1), 2-5(1), 3-11,3-15, 3-21,3-26
2017-18	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(20)/12.4.23	12	2-5,2-6,2-6(i),2-7, 3-8,3-9, 3-10, 3-12, 3-14,3-16, 3-17, 3-20
2018-19	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(21)/ 12.4.23	13	1-6(4),1-6(10),1-15,1-20, 1-21,1-26(1),1-27,1-28, 1-29(2,3,4),1-30,1-31, 3-6,4-11
2019-20	കെ.എസ്.എ കെ.കെ.ഡി. പ12/577/ 2022/ 29-05-2023	20	1-2-1(1,2,3,4,5)1-4-1,1-7, 1-8,1-9,1-10(1,2,3),1-11, 1-12,1-15,1-17(1,2), 1-18(1,2,3), 1-19,1-21,1-22,1-23,1-24, 3-1(1,2),4-2,4-3,4-11
2020-21	കെ.എസ്.എ കെ.കെ.ഡി. പ12/83/ 2022/ 24-07-2023	22	1-1,1-2-1,1-3,1-4,1-9,1-10, 1-11,1-13,1-14,1-15,1-17, 1-19,1-21, 1-25,1-26(3,4),1-27,1-28, 3-1,3-2,3-3,4-2,4-11
2021-22	കെ.എസ്.എ കെ.കെ.ഡി. പ12/718/2023/19.07.2023	25	1-1 ,1-2, 1-5, 1-9, മുതല് 1-13 വരെ,1-16, 1-18, 1-19,(3,4,5,6), 1-21, 1-22(1,2)1-23, 1-24, 1-25, 1-26, 2-1, 3-1, 4-8, 4-11
2022-23	കെ.എസ്.എ കെ.കെ.ഡി. പ12/402/2024/07.05.24	29	ഖ.1-1 , 1-1-1 മുതല് 1-1-4 വരെ,1-1-8, 1-1-10,1-1-12, 1-8,1-10 മുതൽ1-14 വരെ, 1-16,1-17,1-18,1-21,1-22, 1-23, 1-24, 1-26,1-28,1-29,1-30, 1-31, 3-1, 3-2, 4-11

ഡെപ്യൂട്ടി ഡയറക്ടര്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 25-05-2024 and submitted on 14-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thiruvambady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thiruvambady Grama Panchayat as on 31-03-2024

Date: 21/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thiruvambady Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1)The following mandatory fincancial statements prescribed in accounting rules are not submitted
1) Basic Ratios 2) Note to Accounts.
2) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3) Timely and accurate demand entries not made in respect of Property Tax.
4) No further action taken regarding amount directly debited by bank.
5) Monthly bank reconciliation statements not prepared.
6) Expenditure not booked properly under concerned head.
7) Expenditure amount in AFS differs from that in ACR.
8) Amount used for asset creation treated as revenue expenditure, not transferred to capital contribution.
9) CFC expenditure in AFS differs from that in IKM statement.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തില് അനുബന്ധം-1ല് പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങള് ഈ റിപ്പോര്ട്ടില് ഉള്പ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടര്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്